
# തളിര്

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

2015 ഒക്ടോബർ
വില ₹15

**കാശുകൊടുക്കാതെ കറന്റു കിട്ടുന്ന കാലം**

**എസ് ശിവദാസ്**



# ഇരട്ടി പുണ്യം



# കാരുണ്യയും കാരുണ്യ പ്ലസും

## കാരുണ്യ പ്ലസ്

എല്ലാ വ്യാഴാഴ്ചയും

ഒന്നാം സമ്മാനം **₹1 കോടി**

രണ്ടാം സമ്മാനം **₹15 ലക്ഷം**

മൂന്നാം സമ്മാനം **₹5 ലക്ഷം**

1 ലക്ഷം വീതം 5 പേർക്ക്

₹50

10000, 5000, 1000, 500,100
രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

## കാരുണ്യ

ചികിത്സാ ധനസഹായ പദ്ധതി

കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളിൽ നിന്നുള്ള ലാഭം വിനിയോഗിക്കുന്നു
ഇതുവരെ ചികിത്സാ സഹായമായി 92458 രോഗികൾക്ക് നൽകിയത് 746.76 കോടി രൂപ

**കാരുണ്യ, കാരുണ്യ പ്ലസ്**
ഭാഗ്യക്കുറികൾ വാങ്ങൂ..
ഭാഗ്യം പരീക്ഷിക്കൂ...

ഇതു നമ്മുടെ
കടമ കൂടിയാണ്

## കാരുണ്യ

എല്ലാ ശനിയാഴ്ചയും

ഒന്നാം സമ്മാനം **1 കോടി**

₹50

രണ്ടാം സമ്മാനം **₹10 ലക്ഷം**

മൂന്നാം സമ്മാനം **₹5 ലക്ഷം**

1 ലക്ഷം വീതം 5 പേർക്ക്

10000, 5000, 1000, 500,100 രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

**കേരള സംസ്ഥാന ഭാഗ്യക്കുറി** വിശ്വസ്തം സുതാര്യം ജനകീയം

കേരള സർക്കാർ

# ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013



## • കേരളത്തിന്റെ ഭക്ഷ്യ ഭദ്രതയ്ക്കായ്

- ഒരു രൂപയ്ക്ക് അരി
- ഭക്ഷണം പൗരന്റെ അവകാശമാണ്
- ഭക്ഷ്യ ധാന്യങ്ങൾ കൃത്യമായ അളവിൽ ഗുണനിലവാരത്തോടെ ശരിയായ സമയത്ത്
- എ. ആർ.ഡി കൾക്ക് വാതിൽപ്പടി വിതരണ സംവിധാനം

കേരളത്തിന്റെ ഭക്ഷ്യസുരക്ഷ

## സമ്പൂർണ കമ്പ്യൂട്ടർവത്ക്കരണ പദ്ധതി

TOLL FREE NO
**1967**



മെച്ചപ്പെടുത്തുന്നു പൊതുവിതരണ സംവിധാനത്തിന്റെ
**കാര്യക്ഷമത, സുതാര്യത, വിശ്വസനീയത.**

ഞങ്ങളുടെ പ്രചോദനം




ഞങ്ങളുടെ പ്രതിജ്ഞാബദ്ധത



ഞങ്ങളുടെ സേവനം



ഞങ്ങളുടെ സംതൃപ്തി



## ഉപഭോക്തൃ നിയമം നല്കുന്ന പരിരക്ഷ

- ജീവനും സ്വത്തിനും ഹാനികരമായ സാധനങ്ങളിൽ നിന്നും സേവനങ്ങളിൽ നിന്നുമുള്ള സംരക്ഷണം
- ഗുണമേന്മയുള്ള സാധനങ്ങൾക്കും സേവനങ്ങൾക്കും ഉള്ള അവകാശം
- ചൂഷണത്തിനെതിരെയുള്ള അവകാശം
- പരാതി പരിഹാരം തേടുന്നതിനുള്ള അവകാശം
- ഉപഭോക്തൃ വിദ്യാഭ്യാസത്തിനുള്ള അവകാശം
- ന്യായവിലയ്ക്കുള്ള അവകാശം




കേരള ഉപഭോക്തൃസംരക്ഷണ വകുപ്പ്
ഉപഭോക്താവിന്റെ ശക്തിയും സ്വാതന്ത്ര്യവും




# എന്റെ ഓമനക്കഥകൾ

**ഉണ്ണികൃഷ്ണൻ പുതൂർ**

ചിത്രീകരണം - സുനിൽ അശോകപുരം

വായനാപ്രേമികൾക്കായി ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതുസമ്മാനം.

ബഹുവർണ അച്ചടി • വില 50രൂപ • പേജുകൾ 48 • വലിപ്പം - ഡിമൈ 1/8

പുസ്തകത്തിന് എഴുതുക sales@ksicl.org

# തളിര്


പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**ഒക്ടോബർ 2015**
**വില** ₹15
**വാർഷികവരിസംഖ്യ** ₹160


ഉള്ളടക്കം




കൺസ്റ്റന്റീൻ പൗസ്തോവ്സ്കി എഴുതിയ റഷ്യൻ കഥയുടെ വിവർത്തനം. പതിനേഴാം നൂറ്റാണ്ടിലെ റഷ്യൻജീവിതമാണ് കഥയിൽ. മൊസാർട്ട് എന്ന പേരിൽ അറിയപ്പെട്ടിരുന്ന പ്രമുഖ ആസ്ട്രിയൻ സംഗീതജ്ഞൻ കഥയിലെ പ്രധാന കഥാപാത്രമാണ്.

## വൃദ്ധനായ പാചകൻ 20

**കൺസ്റ്റന്റീൻ പൗസ്തോവ്സ്കി**
**പുനരാഖ്യാനം - സി തങ്കം**

കാട്ടിലെ ആനകളുടെ ജീവിതം ഏറെ വിസ്മയകരമാണ്. അവരുടെ പരസ്പര സ്നേഹവും പിണക്കവും പോരാട്ടവുമെല്ലാം മികച്ച ഫോട്ടോഗ്രാഫുകളുടെ അകമ്പടിയോടെ വായിക്കാം.




## കൊമ്പൻമാരുടെ പോരാട്ടങ്ങൾ 10

**എൻ എ നസീർ**

## സ്കൂളിൽ ഉച്ചയ്ക്ക്... 14

**എം കൃഷ്ണദാസ്**



സ്കൂൾക്കുട്ടികളുടെ ഉച്ചഭക്ഷണ രീതികൾ കണ്ടുനിൽക്കാൻ തന്നെ രസമാണ്. പരസ്പരമുള്ള പങ്കുവയ്ക്കലുകളും സഹായങ്ങളും എല്ലാം കൂടി ഒരു ഉത്സവം.


**സ്നേഹപൂർവ്വം**......6
കെ സി ജോസഫ്
**മുൻമൊഴി**......7
സുഗതകുമാരി
**ആനക്കാര്യം**......8
രാജീവ് എൻ ടി
**കവിതാപരിചയം**......9
വെണ്ണിക്കുളം ഗോപാലക്കുറുപ്പ്
**സ്കൂൾ ഡെയ്സ്**......13
രാജീവ് എൻ ടി
**കാശുകൊടുക്കാതെ കറന്റു കിട്ടുന്ന കാലം!**......16
എസ് ശിവദാസ്
**വിത്ത്**......19
ദിവാകരൻ വിഷ്ണുമംഗലം
**ആരോഗ്യം**......25
ഡോ. ബി പത്മകുമാർ
**പൂമ്പാറ്റച്ചിറകിൽ ഒരു പെൺകുട്ടി**......28
ബി മുരളി
**സിനിമാപരിചയം**......32
വിജയകുമാർ ബ്ലാത്തൂർ
**ജാതകകഥ**......36
വെങ്കി
**ഫെലൂദയുടെ സാഹസങ്ങൾ**...40
പുനരാഖ്യാനം: എം ചന്ദ്രപ്രകാശ്
**മഹാഭാരതം**......46
സുഗതകുമാരി
**ഇളംതളിര്**......48
**ഉണ്ടാക്കാം**......50
അരവിന്ദ് ഗുപ്ത
**അക്ഷരചിത്രം**......51
ഭരണക്കാവ് കൃഷ്ണൻ



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ കെ സി ജോസഫ്**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)
ചീഫ് എഡിറ്റർ
**സുഗതകുമാരി**
എഡിറ്റർ
**ഡോ. നെടുമുടി ഹരികുമാർ**
പത്രാധിപസമിതി
**എം ചന്ദ്രപ്രകാശ്**
**ഇ വി നാരായണൻ**
**ഭരണിക്കാവ് കൃഷ്ണൻ**
**ഷൈബിൻ**
**വി കെ രവീന്ദ്രൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**
ആർട്ട്
**അരുണ ആലഞ്ചേരി**
ലേ ഔട്ട്
**വിഷ്ണു പി എസ്**
കവർ
**സുധീർ പി വൈ**
പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org

# സ്നേഹപൂർവ്വം

പ്രിയപ്പെട്ട കുട്ടികളേ, നിങ്ങൾ ക്രിക്കറ്റും ഫുട്ബോളുമൊക്കെ കളിക്കാറില്ലേ. ഓരോ കളികൾക്കും നിയമങ്ങൾ ഉണ്ടാവും. കൃത്യമായി അതനുസരിച്ചാലേ കളി നടക്കൂ. അല്ലെങ്കിൽ ക്രിക്കറ്റ് ക്രിക്കറ്റല്ലാതായിപ്പോവും. ഫുട്ബോൾ ഫുട്ബോളല്ലാതായിപ്പോവും. നിയമങ്ങളനുസരിക്കാത്ത ആരെയെങ്കിലും നിങ്ങൾ കളികളിൽ പങ്കെടുപ്പിക്കുമോ? നിയമങ്ങളില്ലെങ്കിൽ കളികൾക്കെന്തു രസം അല്ലേ?

ഏതു നിയമത്തിന്റെയും കാര്യം ഇങ്ങനെയാണ്. നമ്മുടെ ജീവിതം കൂടുതൽ രസകരമാകണമെങ്കിൽ, ആസ്വാദ്യകരമാവണമെങ്കിൽ രാജ്യത്തെ നിയമങ്ങൾ പാലിക്കപ്പെടണം. ചില നിയമങ്ങൾ പാലിച്ചില്ലെങ്കിൽ ജീവനുതന്നെ അപകടകരമായേക്കാം. അവയിൽ പ്രധാനമാണ് ഗതാഗതനിയമങ്ങൾ. നിങ്ങളിൽ പലരും സൈക്കിളോടിക്കുന്നവർ ആയിരിക്കും. സൈക്കിളോടിക്കാൻ ബാലൻസ് മാത്രം ശരിയായാൽ പോര, മറിച്ച് സൈക്കിൾ റോഡിലേക്കിറക്കുമ്പോൾ ഗതാഗതനിയമങ്ങൾ പാലിക്കപ്പെടണം. സിഗ്നലുകൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. വാഹനങ്ങളിൽ യാത്ര ചെയ്യുമ്പോൾ മാത്രമല്ല, നടന്നുപോകുമ്പോഴും ഇതെല്ലാം ശ്രദ്ധിക്കണം. യഥാർത്ഥത്തിൽ ക്രിക്കറ്റും ഫുട്ബോളും ഒക്കെപ്പോലെ ഇതും ഒരു കളിയാണ്. ജീവിതത്തെ സുഗമമാക്കാനുള്ള കളികൾ. ഇപ്പോഴേ ഇത്തരം നിയമങ്ങൾ പാലിച്ചുതുടങ്ങിയാൽ മുതിർന്നവരായി മാറി വലിയ വാഹനങ്ങൾ ഓടിക്കുമ്പോഴും ഗതാഗതനിയമങ്ങൾ പാലിക്കാൻ നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരില്ല. അത് ജീവിതശൈലിയുടെ ഭാഗമായിക്കോളും.

ഇതിപ്പോൾ പറയാൻ ഒരു കാരണമുണ്ട്. കേരളത്തിൽ ഓരോ വർഷവും വാഹനാപകടം മൂലം മരിക്കുന്നവരുടെ എണ്ണം 4000ത്തിനു മുകളിലാണ്. 2010മുതലുള്ള കണക്കാണിത്. അതായത് ഓരോ ദിവസവും 11 പേർ മരണമടയുന്നു. പരിക്കേൽക്കുന്നവരുടെ കണക്ക് ഇതിന്റെ പത്തിരട്ടിയോളം വരും. ശരാശരി 110പേർക്കാണു ഒരു ദിവസം പരിക്കേൽക്കുന്നത്.

ഈ മാസം രണ്ടാംതീയതി, അതായത്, ഒക്ടോബർ 2, മഹാത്മാഗാന്ധിയുടെ ജന്മദിനമാണ്. ലോകം മുഴുവൻ അന്ന് അഹിംസാദിനമായി ആചരിക്കുന്നു. നിയമംപാലിക്കാതെ വാഹനമോടിച്ച് മറ്റുള്ളവരെ വേദനിപ്പിക്കുന്നതും ഹിംസ തന്നെ. ഒരാൾക്കു പരിക്കേൽക്കുകയോ അയാൾ മരിക്കുകയോ ചെയ്താൽ അത് എത്രപേരെ വേദനിപ്പിക്കും എന്നാലോചിച്ചുനോക്കൂ. ഇതെല്ലാം ഒഴിവാക്കേണ്ടതല്ലേ?

ഇന്നുതന്നെ ശ്രമിച്ചുതുടങ്ങൂ. നടക്കുമ്പോഴും സൈക്കിളോടിക്കുമ്പോഴും വാഹനങ്ങളിൽ സഞ്ചരിക്കുമ്പോഴുമെല്ലാം നിയമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കൂ. ജീവിതം കൂടുതൽ ആസ്വാദ്യകരമായി തീരട്ടെ. നിങ്ങൾ വിചാരിച്ചാൽ അതിനു കഴിയും, സംശയമില്ല.

സ്നേഹപൂർവ്വം

**കെ സി ജോസഫ്**
(സാംസ്കാരികവകുപ്പു മന്ത്രി)



വര: സുധീർ പി വൈ


വര: സുധീർ പി വൈ

ഗാന്ധിജിയെപ്പറ്റി കുറച്ചു ചെറിയ വലിയ കാര്യങ്ങൾ പറയട്ടെ!

ഗാന്ധിയപ്പൂപ്പൻ വലിയ പിശുക്കനായിരുന്നു. എന്നുവെച്ചാൽ ഒരൊറ്റ പൈസാ അനാവശ്യമായി ചിലവാക്കുകയില്ല. ചിലവാക്കാൻ അനുവദിക്കുകയുമില്ല. ഒരു പെൻസിൽ ഉപയോഗിക്കാൻ തുടങ്ങിയാൽ അതു തേഞ്ഞുതേഞ്ഞ് കുറുകിക്കുറുകി കൈയിൽ പിടിക്കാനൊക്കാത്ത കുറ്റിപ്പെൻസിൽ ആകുന്നതുവരെ ഉപയോഗിക്കും. കടലാസോ? ഓരോ തുണ്ടു കടലാസും സൂക്ഷിച്ചു മാത്രമേ ഉപയോഗിക്കാവൂ എന്ന് അദ്ദേഹത്തിനു നിർബന്ധമായിരുന്നു. വരുന്ന കത്തുകളുടെ കവറുകൾ ശ്രദ്ധിച്ചു തുറന്നു നിവർത്തിയെടുത്ത് അതിലും എഴുതും പ്രധാന കാര്യങ്ങൾ.

ഒരുവറ്റു ചോറോ ഒരു കഷണം ചപ്പാത്തിയോ കളയാൻ പാടില്ലായെന്നത് ആശ്രമത്തിലെ നിഷ്ഠ തന്നെയായിരുന്നു. അത്യാവശ്യമുള്ള ഭക്ഷണമേ വാങ്ങാൻ പാടുള്ളൂ. ഒന്നും ബാക്കവയ്ക്കാൻ പാടില്ല. ആഹാരം കഴിക്കുന്ന പാത്രം അവരവർ തന്നെ എടുത്തു കഴുകി സ്ഥാനത്തുവയ്ക്കണം.

സ്വന്തം വസ്ത്രങ്ങൾ മറ്റാരും കഴുകാൻ അനുവദിച്ചു കൂടാ. സ്വയം ചെയ്യണം.

അന്നത്തെക്കാലത്ത് ഇന്നത്തെപ്പോലെ ഡ്രെയിനേജ് സിസ്റ്റമൊന്നുമില്ലായിരുന്നു. തോട്ടികൾ എന്നു വിളിക്കപ്പെട്ട ഒരു ജാതിക്കാരാണ് അക്കാലത്തു കക്കൂസുകൾ വൃത്തിയാക്കുന്നത്. എന്നാൽ ഗാന്ധിജിക്കു നിർബന്ധമായിരുന്നു ആശ്രമത്തിലെ ആളുകൾ തന്നെ കക്കൂസുകൾ ശുചീകരിക്കണം. എന്നു മാത്രമല്ല ഹീന ജാതിക്കാരെന്നു വിളിച്ച് ദൂരെ അകറ്റി നിർത്തിയിരുന്ന ആ പാവങ്ങളെ അദ്ദേഹം സ്വന്തം ഹൃദയത്തിലേക്കു ചേർത്തണച്ചു പിടിച്ചു. അവരെ സ്നേഹാദരങ്ങളോടെ

ഹരിജനങ്ങൾ, ഈശ്വരന്റെ മക്കൾ എന്നു വിളിച്ചു. അവരെ ഉദ്ധരിക്കാൻ വേണ്ടി ആവോളം ശ്രമിച്ചു.

നാം ഉടുക്കുന്ന വസ്ത്രം മുതൽ കഴിക്കുന്ന ആഹാരം വരെ സ്വയം ഉണ്ടാക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. കഠിനപ്രയത്നം ചെയ്യുവാനും സ്വന്തം കാലിൽ ഉറച്ചു നിന്നു വേലചെയ്തു ജീവിക്കുവാനും അദ്ദേഹം നമ്മെ പ്രേരിപ്പിച്ചു. ഒരു ജോലിയും നികൃഷ്ടമല്ല. ഏതു തൊഴിൽ ചെയ്യാനും നാം സന്നദ്ധരായിരിക്കണം. അത് ഏറ്റവും മികച്ച നിലയിൽ ചെയ്യുകയും വേണം.


എന്തൊരു ബുദ്ധിമുട്ടാണ് ഇങ്ങനെയൊരാളോടൊപ്പം ജീവിക്കാൻ എന്നാവും നിങ്ങളിപ്പോൾ വിചാരിക്കുന്നത് അല്ലേ. പക്ഷേ ഒന്നുമാത്രം മനസ്സിലാക്കുവിൻ. ഒരു മനുഷ്യൻ മനുഷ്യനായിത്തീരുന്നത് ഇങ്ങനെയൊക്കെയാണ്. പാടുപെട്ടു പണിയെടുത്തു തലയുയർത്തിനിന്നു ജീവിക്കുവാനാണ് അദ്ദേഹം നമ്മെ പഠിപ്പിച്ചത്.

സ്വന്തം കൈകൊണ്ടു നൂൽനൂറ്റുണ്ടാക്കിയ പരുക്കൻ മുണ്ടും പുതപ്പും മാത്രം ധരിച്ച് നഗ്നമായ മാറുമായി ഒരു മഹാസാമ്രാജ്യത്തിന്റെ ചക്രവർത്തിയുടെ മുന്നിലും ചിരിച്ചുകൊണ്ടു നിവർന്നു നിന്നു സ്വാതന്ത്ര്യപ്പറ്റി സംസാരിക്കുവാൻ അദ്ദേഹത്തിനു സാധിച്ചത് ഈ എളിമയുടെ മഹിമ നിമിത്തമാണ്. കുഞ്ഞുങ്ങൾ മറന്നുപോകരുത്. ഇങ്ങനെയൊരാൾ നമുക്കു സ്വന്തമായി, ഏറ്റവും സ്വന്തമായി ഉണ്ടായിരുന്നു എന്ന്

സ്നേഹത്തോടെ.

**സുഗതകുമാരി**





കവിതാപരിചയം

# ആരമ്മേ! ഗാന്ധി?

**വെണ്ണിക്കുളം ഗോപാലക്കുറുപ്പ്**

മുൻവരിപ്പല്ലു പൊയ്പ്പോയ
മോണ കാട്ടിച്ചിരിച്ചൊരാൾ
ചമ്രം പടിഞ്ഞിരിക്കുന്ന
പടം നീ കണ്ടതില്ലയോ?

അതാണു ഗാന്ധിയപ്പൂപ്പൻ
ആരിലും കനിവുള്ളവൻ
കൊച്ചു കുഞ്ഞുങ്ങളോടൊത്തു
കളിപ്പാൻ കൊതിയുള്ളവൻ.


വിളിപ്പൂ നാട്ടുകാരെല്ലാം
'ബാപ്പു'വെന്നു പലപ്പൊഴും
ആ വാക്കു കേട്ടിരിക്കും നീ-
യച്ഛനെന്നർത്ഥമായിടും.

മറ്റുള്ളോരുടെ ദുഃഖങ്ങൾ
മാറ്റുവാൻ വേല ചെയ്കയാൽ
'മഹാത്മാ' ഗാന്ധിയെന്നുള്ള
പേരു നീളെ പ്രസിദ്ധമായ്.

സത്യത്തെ ദൈവമായ്ക്കണ്ടു
പൂജിച്ച പുരുഷോത്തമൻ,
പങ്കം തീണ്ടാത്ത കർമ്മത്താൽ
തങ്കം പോലെ തിളങ്ങിയോൻ,

കുഞ്ഞുറുമ്പിനുമാപത്തു
പറ്റിയാൽക്കരയുന്നവൻ,
കുരുന്നു നുള്ളുവാൻപോലും
കൈയറയ്ക്കും ദയാമയൻ,

സ്നേഹം, ധർമം, സദാചാരം
ഓരോന്നെന്തിനു ചൊൽവു ഞാൻ?
ഗുണമൊക്കെയുമൊന്നിച്ച
ഗുരുവാണു മഹാത്മജി.



വര: സുധീർ പി വൈ

*(പഴയ തലമുറയിലെ പ്രഖ്യാതനായ ഒരു ഗുരുനാഥനായിരുന്നു മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ്. ഗാന്ധിജിയെപ്പറ്റിയുള്ള ഈ ലളിത മനോഹരമായ കവിത കുട്ടികൾക്കു കാണാതെ പഠിക്കാനും ഉറക്കെച്ചൊല്ലുവാനുമുള്ളതാണ്.)*

കാടനുഭവം



# കൊമ്പൻമാരുടെ പോരാട്ടങ്ങൾ

എൻ എ നസീർ



**മൃഗശാലയിലെയോ പൂരപ്പറമ്പിലെയോ വിസ്മയക്കാഴ്ച മാത്രമാണ് നമുക്ക് ആനകൾ. അതല്ലെങ്കിൽ കഥകളിലെ ഒരു കഥാപാത്രം. മദമിളകിയ കൊമ്പനാകട്ടെ ഭയത്തിന്റെ ഒരു വലിയ രൂപവും. സ്നേഹംകൊടുക്കുന്നു എന്നാണു പറയുന്നതെങ്കിലും ആന വളർത്തൽ അവയോടുള്ള ക്രൂരത തന്നെ.**

**നാട്ടിൽ മാത്രമല്ല, ഇപ്പോൾ കാട്ടിലും നാം ആനകൾക്കു സ്വൈര്യം കൊടുക്കുന്നില്ല. കാട്ടിലെ ആനകളുടെ ജീവിതം ഏറെ വിസ്മയകരമാണ്, രസകരവും. പലതും പഠിക്കാനുണ്ട് അവരുടെ ജീവിതത്തിൽനിന്നും. ആ അനുഭവങ്ങളാണ് ഇത്തവണത്തെ കാടനുഭവത്തിൽ.**

ഉദിച്ചുയരുന്ന സൂര്യകിരണങ്ങളേറ്റു തടാകത്തിൽനിന്നും പുലരിയിലെ മൂടൽമഞ്ഞ് മെല്ലെ തെന്നിമാറുന്നു. പൊടുന്നനെ, നിശ്ചലമായ ആ തടാകത്തിൽ ജലച്ചിത്രങ്ങൾ തീർത്ത് ഏതാനും നീർപ്പക്ഷികൾ പറന്നുയർന്നു. ചിമ്മിനിവന്യജീവി സങ്കേതം അത്രമാത്രം പേരും പെരുമയും അവകാശപ്പെടാറില്ല. പക്ഷേ, എന്റെ അങ്ങോട്ടുള്ള യാത്രകളിലെല്ലാം ഈ ആരണ്യം മനസ്സും ക്യാമറയും നിറച്ചു തന്നിട്ടുണ്ട്.

അത്തരത്തിലുള്ള യാത്രയായിരുന്നു അതും. കൂടെയുണ്ടായിരുന്ന സുഹൃത്താണ് ജലാശയത്തിലേക്കു നോക്കിനിന്ന എന്റെ ശ്രദ്ധയെ കാടിറങ്ങി വരുന്ന ആനക്കൂട്ടത്തിലേക്കു തിരിച്ചത്. മൂന്നു കൊമ്പന്മാരും ഏഴോളം പിടിയാനകളും മൂന്നു കുട്ടികളുമടങ്ങിയ ഒരുകൂട്ടം. അവ റിസർവോയറിനരികിലുള്ള ഇളംപുല്ലിൽ മത്തരായവരെപ്പോലെ മേയുന്നു. പൊടുന്നനെ രണ്ടു കൊമ്പന്മാർ തമ്മിൽ ഏറ്റുമുട്ടുവാനാരംഭിച്ചു. അങ്ങോട്ടും ഇങ്ങോട്ടും തള്ളിക്കൊണ്ടുപോയും പരസ്പരം കൊമ്പുകൾ കൊരുത്തും

തുമ്പിക്കൈകൾ പിണച്ചും അവ പോരാടുമ്പോൾ രണ്ടു വലിയ കരിമ്പാറകൾ ജീവൻവച്ചു ചലിക്കുന്ന തായ് എനിക്കു തോന്നി.

കുറച്ചുസമയം ആ ഏറ്റു മുട്ടലുകൾ തുടർന്നു. എന്നാൽ കൂട്ടത്തിലെ മുതിർന്ന പിടി യാന അവർക്കിടയിലേക്കു ചെന്നതും പൊടുന്നനെ കൊമ്പുകോർക്കൽ അവസാ നിച്ചു. ആനക്കൂട്ടങ്ങളിൽ എല്ലായ്പ്പോഴും മുതിർന്ന പെണ്ണാന ആയിരിക്കും ലീഡർ. അവളായിരിക്കും കൂട്ടത്തെ നയിക്കുന്നതും. പിന്നെ അധികനേരം ആന ക്കൂട്ടം അവിടെ തങ്ങിയില്ല. അവ കാട്ടിലേക്കു മടങ്ങി.

ഇതുപോലെ മുതുമല കടുവാസങ്കേതത്തിൽ വന്യജീവികൾ ഇറങ്ങിവരുന്ന ഒരു നീർച്ചാലിനടുത്തുള്ള മുളംകൂട്ടത്തിനരികിൽ നിശ്ചലമായി ഇരിക്കുമ്പോൾ എന്തൊക്കെയോ ശബ്ദങ്ങൾ! ഒടിയുന്നതും ഞെരിയുന്നതും പോലെ... ഞാൻ ക്യാമറയു മായി മെല്ലെ ശബ്ദംകേട്ട ദിശയിലേക്കു നീങ്ങി. രണ്ടു കൊമ്പന്മാരുടെ പോരാട്ടം! അതിൽ ഒരാനയ്ക്കു നല്ല ഉയരവും വലിപ്പവുമൊക്കെ യുണ്ട്. പക്ഷേ അവൻ അതിശക്തമായ ആക്രമണ മല്ല തന്റെ ചെറിയ എതിരാളി ക്കുനേരെ നടത്തുന്നത്. ഒരു കാര്യം എനിക്കു വ്യക്തമായി. അതൊരു യഥാർത്ഥ കൊമ്പുകോർക്കലല്ല. വലിയ കൊമ്പൻ ചെറിയ കൊമ്പനെ ആക്രമണമുറകൾ പഠിപ്പി ക്കുകയായിരുന്നു. രസകര മായ കാഴ്ചയായിരുന്നു അത്. ചെറിയ ആന ശിരസ്സു കുലുക്കി വലിയ ആനയോട് അടുക്കുന്നു. തന്റെ എതിരാ ളിയെ ഒട്ടും ഭയം കൂടാതെ നേരിടുവാനുള്ള ഉറച്ച നീക്കം തന്നെയായിരുന്നു അത്.

ഇതേ ആന മറ്റൊരിക്കൽ തന്നെപ്പോലെ തന്നെയുള്ള ശക്തനായ ഒരു കൊമ്പനു മായി അത്യുഗ്രമായ സംഘട്ട നത്തിൽ ഏർപ്പെട്ടപ്പോൾ അധികം ദൂരെയല്ലാതെ ഞാനും എന്റെ ക്യാമറയും ഉണ്ടായിരുന്നു. അന്നു വേറെ രണ്ടു കൊമ്പന്മാർ കുറച്ച് അകന്നുമാറി കാഴ്ചക്കാ രായി നിലകൊണ്ടിരുന്നു. പൊടിപാറുന്ന ആ ബല പരീക്ഷണം ഏറെനേരം നീണ്ടുനിന്നില്ല. പിരിഞ്ഞ പ്പോൾ അവ നാലും ഒരുമി ച്ചാണു പോയതും. അല്പം വേഗതയോടെയുള്ള തിരിച്ചു പോക്കിൽ ദേഹത്തെ മണ്ണും പൊടിയും നിലത്തേക്ക് ഊർന്നുവീഴുന്നത് പിന്നിൽ നിന്നുള്ള സൂര്യപ്രകാശ ത്തിൽ മനോഹരമായ ഒരു ചിത്രമായിത്തീർന്നു.

ഒരിക്കൽ ചിന്നാർ വന്യജീവിസങ്കേതത്തിലൂടെ കടന്നുപോകുമ്പോൾ ആ ഊഷരവനഭൂമിയിൽ പാമ്പാറിന്റെ തീരത്ത് രണ്ടു കൊമ്പന്മാർ ജലപാനവും നീരാടലും കഴിഞ്ഞ് ബല പരീക്ഷണം ആരംഭിച്ചു. അതു വലിയ ശബ്ദങ്ങളോടെ തന്നെ ആയിരുന്നു. കൊമ്പു കൾ പരസ്പരം മുട്ടുമ്പോൾ ശബ്ദങ്ങൾ ഉയരും. അവ തെന്നി ആ വലിയ ശരീര ത്തിൽ ഏൽക്കുമ്പോൾ ചിന്നംവിളികൾ ഉയരും.

ഇങ്ങനെയൊക്കെയാണ് കൊമ്പനാനകളുടെ കാട്ടു കാഴ്ചകളെങ്കിലും അവയുടെ ജീവിതം ഏറെ അപകടക രമായ അവസ്ഥയിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുക യാണെന്ന് കാട്ടിൽ നിന്നു മുള്ള ആനവേട്ടക്കഥകൾ നമ്മോടു പറയുന്നു. വളരെ സങ്കടകരമായ ജീവിതത്തെ യാണ് കരയിലെ ഏറ്റവും വലിയ സസ്തനികൾ നേരി ടുന്നത്. നന്നേ ശുഷ്കിച്ചു പോയ ആവാസയിടങ്ങൾ ഒരുവശത്ത്. വെടിവച്ചു





വീഴ്ത്തുന്ന വേട്ടക്കാർ മറുവശത്ത്.

കാട്ടിൽ ഈ ഭൂമിക്കു നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന ഒരു ജീവിയേയും നമ്മൾക്കു കാണുവാനാകില്ല, മനുഷ്യനൊഴികെ! നമ്മുടെ പുരോഗതി പലപ്പോഴും ഹരിതപ്പൊട്ടുകളെ തുടച്ചുമാറ്റുന്നു. അതു നമ്മളെ തന്നെയാണ് നാശത്തിലേക്കു കൊണ്ടുപോകുന്നതെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം. പക്ഷേ വർഷങ്ങളായി നാം അതേ പാതയിൽത്തന്നെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് അത്ഭുതം.

ആനകൾ ഒരു സ്ഥലത്തും സ്ഥിരവാസികളല്ല. അവ സഞ്ചരിച്ചുകൊണ്ടേയിരിക്കും. എന്നാലേ അവയ്ക്കു വേണ്ടത്ര ആഹാരം ലഭിക്കുകയുള്ളൂ. അതിനിടയിൽ നമ്മൾ നിർമിച്ചതും നിർമ്മിക്കാൻ ഇരിക്കുന്നതുമായ ഡാമുകൾ, റോഡുകൾ, കെട്ടിടങ്ങൾ, വൈദ്യുതവേലികൾ, തോട്ടങ്ങൾ മുതലായവയൊക്കെ അവയുടെ സഞ്ചാരമേഖലകളെ താറുമാറാക്കിക്കൊണ്ടിരിക്കുന്നു. കൂടാതെ നിറതോക്കുകളുമായി വേട്ടക്കാരും.

കൂട്ടത്തിലുള്ളവരൊക്കെ എവിടെയൊക്കെയോ മസ്തകം തകർന്നു വീണുകൊണ്ടിരിക്കുന്നതു പ്രാണഭയത്തോടെ കൂട്ടുകാർ നോക്കിക്കാണുകയാണ്. അടുത്ത ഊഴം അവരുടേതായിരിക്കും എന്നറിയാം അവർക്ക്. രക്ഷിക്കേണ്ടവരോ, എവിടെയോ പോയി മറ്റു കാഴ്ചകളിൽ മയങ്ങിക്കിടക്കുന്നു...

കാട്ടിൽ കൊമ്പന്മാർ തമ്മിൽ ഏറ്റുമുട്ടുമ്പോഴും അവ അവയെ തിരിച്ചറിഞ്ഞ് ഒടുവിൽ ഒരുമിച്ചു ചേരുന്നു. പക്ഷേ മനുഷ്യർ കാട്ടിലേക്കു അത്യാർത്തിയോടെ ഇടപെടുമ്പോൾ അത് മനുഷ്യകുലത്തിന്റെ തന്നെ വേരുകളെ പിഴുതെറിയുകയാണ് എന്നു തിരിച്ചറിഞ്ഞേ ഒക്കൂ.

**ആനകൾ ഒരു സ്ഥലത്തും സ്ഥിരവാസികളല്ല. അവ സഞ്ചരിച്ചുകൊണ്ടേയിരിക്കും. എന്നാലേ അവയ്ക്കു വേണ്ടത്ര ആഹാരം ലഭിക്കുകയുള്ളൂ. പക്ഷേ നമ്മുടെ ഓരോ നിർമ്മാണപ്രവർത്തനങ്ങളും അവയുടെ സഞ്ചാരമേഖലകളെ താറുമാറാക്കിക്കൊണ്ടിരിക്കുന്നു.**




സ്കൂൾ ഡെയ്സ്
എൻ ടി രാജീവ്
അച്ഛാ, ഞങ്ങളുണ്ടാക്കിയ ഈ പന്തുമായി പോയപ്പോൾ അവർ ഞങ്ങളെ കളിക്കാൻ കൂട്ടിയില്ല...
ആദ്യം നിങ്ങളെ അവർ അവഗണിക്കും, പിന്നെ പരിഹസിക്കും, പിന്നെ പുച്ഛിക്കും, പിന്നെ ആക്രമിക്കും, എന്നിട്ടായിരിക്കും നിങ്ങളുടെ വിജയം.
അമ്മേ അവർ ആക്രമിക്കുമോ?
സ്നേഹം വെറുപ്പിനെ കീഴടക്കും.
ശ്രമത്തിലാണ്, ഫലപ്രാപ്തിയിലല്ല സംതൃപ്തി ഉളവാകുന്നത്. സമ്പൂർണശ്രമം സമ്പൂർണ വിജയമാകുന്നു.
"ഓരോ വീടും ഒരു വിദ്യാലയമാണ്. മാതാപിതാക്കൾ അധ്യാപകരും!"

# സ്കൂളിൽ ഉച്ചയ്ക്ക്...

**എം കൃഷ്ണദാസ്**

പുതിയ ഹെഡ്മിസ്ട്രസ് ഉച്ചനേരത്ത് ക്ലാസ് വരാന്തയിലൂടെ കവാത്തിനിറങ്ങിയിരിക്കുകയാണ്. നീണ്ട വരാന്തയുടെ ഇരുവശത്തും കുട്ടികൾ വരിവരിയായി ഉണ്ണാൻ ഇരിക്കുന്നതു കാണാൻതന്നെ ചേലാണ്. അല്പം മുതിർന്നവർ മുറ്റത്തേക്കു കാൽ തൂക്കിയിട്ട്, അഭിമുഖമിരുന്ന് ചോറ്റുപാത്രങ്ങൾ തുറക്കുന്നു. വീട്ടിൽനിന്ന് ചോറുകൊണ്ടു വരുന്നവരും സ്കൂളിൽ നിന്ന് വാങ്ങുന്നവരും ഇടകലർന്നാണ് ഇരിപ്പ്.

ചുമരിനോടു ചേർന്നിരുന്ന് ചോറ്റുപാത്രം തുറക്കാൻ ശ്രമിക്കുന്ന ഒന്നാം ക്ലാസിലെ റഫീക്കിന് എത്ര പരിശ്രമിച്ചിട്ടും പാത്രം തുറക്കാനാവുന്നില്ല. മുറ്റത്തേക്കു കാൽ തൂക്കിയിട്ടിരുന്ന് ഊണിനു വട്ടം കൂട്ടുകയായിരുന്ന നാലിലെ ഷീല അതുകണ്ട്, പാത്രം വാങ്ങി തുറക്കാൻ ആവതു ശ്രമിക്കുന്നതു കണ്ടുകൊണ്ടാണ് ടീച്ചർ അവരുടെ അടുത്തെത്തിയത്. ടീച്ചറെ കണ്ടതും ഷീല എഴുന്നേറ്റ്:

'ഇതൊന്ന് തുറന്നുതരോ ടീച്ചർ...'

കുഞ്ഞൂസിനുവേണ്ടി മുതിർന്നവർ കാട്ടുന്ന താത്പര്യം ടീച്ചർക്ക് വളരെ ഇഷ്ടായി. ടീച്ചർ കൈയിലെ നനവ് സാരിയിൽ തുടച്ച് പരുക്കനാക്കി പാത്രം തുറന്നുകൊടുത്തു.

മുന്നോട്ട് നടന്നു പോകുന്ന ടീച്ചറെ സ്വന്തം പാത്രം തുറക്കാൻ ശ്രമിക്കുന്നതിനിടയിൽ ചിലർ, ഓട്ടക്കണ്ണിട്ടു നോക്കുന്നുണ്ട്. അവർ തുറന്ന ചോറ്റുപാത്രങ്ങളിൽ നിന്നും പുറത്തു ചാടിയ, വിഭവങ്ങളുടെ നേർത്ത മണവും ആസ്വദിച്ചുകൊണ്ട് ടീച്ചർ വളരെ പതുക്കയാണ് നടക്കുന്നത്. അമർത്തി നിറച്ച ചോറിനു മുകളിൽനിന്നും ഉപ്പേരി, പപ്പടം, മീൻ വറുത്തത്, ചമ്മന്തി... തുടങ്ങിയ വിഭവങ്ങൾ കുട്ടികൾ ചോറ്റുപാത്രത്തിന്റെ അടപ്പിലേക്ക് വാരിയിടുന്നു.



വര: സി വി രഘു

ഇട്ടവയിൽ നിന്നും വലി യൊരു പങ്ക് അടുത്തിരിക്കുന്ന ചങ്ങാതിമാർക്ക് പകുത്തു കൊടുക്കുന്നു. സ്കൂളിൽ നിന്നു ചോറു വാങ്ങുന്ന വർക്ക് കുറച്ചു കൂടുതൽ കൊടുക്കുന്നുണ്ട്. ഇടയ്ക്ക് കുഞ്ഞുവിരലുകൾ അറി യാതെ വായിലേക്കു പോകു ന്നുണ്ട്. പിന്നെ, എന്തോ ഓർത്ത് അവർ വിരലുകൾ പിൻവലിക്കുന്നു.ഇതിനിട യിൽ അവർ എന്തെല്ലാമോ ചിലയ്ക്കുന്നുമുണ്ട്.

നാലിലെ ബിനോയിയുടെ പ്ലേറ്റിലേക്കു സഹപാഠി നിനിത ഒരു മീൻകഷണം എടുത്തിടുന്നതു കണ്ട് രണ്ടാംക്ലാസിലെ ശ്യാം ചോദിച്ചു:

'യ്ക്കും ഒരു കഷണം താ ചേച്ചി..'

ബാക്കി പാത്രത്തിലുണ്ടാ യിരുന്ന ഒരു കഷണം പകുതിയാക്കി അവൾ, ശ്യാമിനു കൊടുക്കുന്നതു

> മുന്നോട്ട് നടന്നു പോകുന്ന ടീച്ചറെ സ്വന്തം പാത്രം തുറക്കാൻ ശ്രമിക്കുന്നതിനിടയിൽ ചിലർ, ഓട്ടക്കണ്ണിട്ടു നോക്കുന്നുണ്ട്. അവർ തുറന്ന ചോറ്റുപാത്രങ്ങളിൽ നിന്നും പുറത്തു ചാടിയ, വിഭവങ്ങളുടെ നേർത്ത മണവും ആസ്വദിച്ചുകൊണ്ട് ടീച്ചർ വളരെ പതുക്കെയാണ് നടക്കുന്നത്.

കണ്ടപ്പോൾ ടീച്ചർക്ക് വിഷമം തോന്നി.

ആ ഓരിവെക്കലുകൾ ക്കിടയിലൂടെ ഹെഡ്മിസ്ട്രസ് അങ്ങനെ മുന്നോട്ട് നടക്കു കയാണ്. ചിലർ പാത്രം മടിയിൽ വെച്ചാണ് കഴിക്കു ന്നത്. മറ്റു ചിലർ, നിലത്തു തന്നെ വെച്ച് അല്പം കുമ്പിട്ട് വാരിത്തിന്നുന്നു. പാത്രത്തിനു ചുററും വറ്റ് ചിതറി കിടക്കുന്നുണ്ട്. ചിലർ കാലുകൾ നീട്ടി യാണിരിക്കുന്നത്. ചിലർ ചമ്രം പടിഞ്ഞിരിക്കുന്നു. ചിലരാകട്ടെ കുന്തിച്ചിരു ന്നാണ് കഴിക്കുന്നത്. ആ കുഞ്ഞുസന്തോഷങ്ങൾക്കു നടുവിലൂടെ നടന്നുനടന്ന് ടീച്ചർ സ്റ്റാഫ്റൂമിലേക്കു ചെന്നുചേർന്നു.

അവിടെ, സ്വന്തം സീറ്റിലി രുന്ന്, ചോറ്റുപാത്രം തുറന്ന് സഹപ്രവർത്തകരും ഉച്ചയൂണു തുടങ്ങിയിരുന്നു. അവരുടെ കറി വിശേഷ ങ്ങളറിയാൻ ഹെഡ്മിസ്ട്രസ് വെറുതെ അവരുടെ പാത്ര ങ്ങളിലേക്ക് എത്തിനോക്കി. അവർ ചിരിച്ചു കൊണ്ട് തങ്ങളുടെ ചോറ്റുപാത്രം അടപ്പുവെച്ചു മറച്ച് ആ സ്വകാര്യം തുടർന്നു. ഹെഡ്മിസ്ട്രസ് തിരികെ വരാന്തയിലേക്കു തന്നെ നടന്നു.




## പാലാ കെ. എം. മാത്യു ബാലസാഹിത്യ അവാർഡിന് കൃതികൾ ക്ഷണിക്കുന്നു

പ്രശസ്ത ബാലസാഹിത്യ രചയിതാവും സാംസ്കാരിക നായകനുമായ (മുൻ എം.പി.) ശ്രീ പാലാ കെ.എം. മാത്യുവിന്റെ പേരിലുള്ള അഞ്ചാമത് ബാലസാഹിത്യ അവാർഡിനുള്ള കൃതികൾ ക്ഷണിക്കുന്നു. 2014 ൽ പ്രസിദ്ധീകരിച്ച ബാലസാഹിത്യരചനകൾക്കാണ് 25000' രൂപ തുകയുള്ള അവാർഡ് നൽകുന്നത്. പാലാ കെ.എം. മാത്യുവിന്റെ ജന്മദിന മായ ജനുവരി 11 ന് അവാർഡ് വിതരണം ചെയ്യും. 2015 ഒക്ടോബർ 15ാം തീയതിക്കകം രചനകളുടെ നാല് കോപ്പികൾ വീതം, **സോമു മാത്യു, പാലാ കെ. എം. മാത്യു ഫൗണ്ടേഷൻ, കിഴക്കയിൽ ബിൽഡിങ്സ്, കളക്റ്ററേറ്റ് പി ഒ, കോട്ടയം 686002** എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

ഫോൺ: 0481 2564165, 9447056416


# കാശുകൊടുക്കാതെ കറന്റു കിട്ടുന്ന കാലം!

പ്രൊഫ. എസ് ശിവദാസ്

കാശുകൊടുക്കാതെ കറന്റുണ്ടാക്കുന്ന കാലം. ഷോക്കടിപ്പിക്കുന്ന കറന്റുബില്ലും കണക്ഷൻ വിച്ഛേദിക്കുന്ന ഇലക്ട്രിസിറ്റി ബോർഡുമൊന്നുമില്ലാത്ത ഒരു കാലം. നമ്മുടെ വീട്ടിൽ നമ്മൾ നമ്മുടെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന കാലം. അതിലേക്കുള്ള വളർച്ചയുടെ ഒരു വലിയ നാഴികക്കല്ലാണ് ഗ്രാവിറ്റിവിളക്കിന്റെ കണ്ടുപിടുത്തം.

ഗ്രാവിറ്റി എന്നുപറഞ്ഞാൽ ഗുരുത്വാകർഷണം. ആ ബലം കൊണ്ടല്ലേ തേങ്ങയും മാങ്ങയുമൊക്കെ താഴേക്കു വീഴുന്നത്. പണ്ട് ഒരു ആപ്പിൾ ന്യൂട്ടന്റെ തലയിൽ വീണെന്നും അങ്ങനെയാണ് അദ്ദേഹം ഗുരുത്വാകർഷണം കണ്ടെത്തിയതെന്നുമല്ലേ കഥ. അതുകഥ മാത്രമെന്നാണ് ഇന്നു മിക്കവരും കരുതുന്ന തെന്നതു വേറെ കാര്യം.

ഈ ഗുരുത്വാകർഷണം കൊണ്ടു വൈദ്യുതി ഉണ്ടാക്കി ബൾബു കത്തിക്കുന്ന വിദ്യ ഇതാ കണ്ടെത്തിയിരിക്കുന്നു. നാലുവർഷം നീണ്ട ഒരു പ്രോജക്ടായിരുന്നു അത്. അതിനുവേണ്ടിവന്ന ചെലവോ 3,99,590 ഡോളർ. 6219 അഭ്യുദയകാംക്ഷികൾ പിരിച്ചെടുത്തതാണ് ആ തുക.




ഇനി ഗ്രാവിറ്റിലൈറ്റിന്റെ ഗുട്ടൻസ് പറയാം. മാർട്ടിൻ റിഡിഫോർഡ് (Martin Riddiford), ജിം റീവ്സ് (Jim Reeves) എന്നിവരാണ്. ഈ ഉപകരണത്തിന്റെ ഡിസൈനർമാർ. ഒരു സഞ്ചി. അതിൽ ഏകദേശം 9 കിലോഗ്രാം ഭാരം വച്ചിരിക്കും. കല്ലോ കട്ടയോ മണ്ണോ എന്തും. അത് ആറടിയോളം ഉയരത്തിലേക്കു വലിച്ചുപൊക്കി വയ്ക്കണം. പിന്നെ വെളിച്ചം വേണ്ടപ്പോൾ സഞ്ചിയെ താഴേക്കു പോകാൻ അനുവദിക്കുക. അത്






ഒരു സഞ്ചി. അതിൽ ഏകദേശം 9 കിലോഗ്രാം ഭാരം വച്ചിരിക്കും. കല്ലോ കട്ടയോ മണ്ണോ എന്തും. അത് ആറടിയോളം ഉയരത്തിലേക്കു വലിച്ചുപൊക്കി വയ്ക്കണം. പിന്നെ വെളിച്ചം വേണ്ടപ്പോൾ സഞ്ചിയെ താഴേക്കു പോകാൻ അനുവദിക്കുക. അത് സാവധാനം പോകും. മുപ്പതു മിനിറ്റുകൊണ്ടേ താഴെ എത്തൂ. ആ താഴേക്കുള്ള യാത്രയിൽ വൈദ്യുതിയുണ്ടാകും. എൽ ഇ ഡി ബൾബു കത്തും!

സാവധാനം പോകും. മുപ്പതു മിനിറ്റുകൊണ്ടേ താഴെ എത്തൂ. ആ താഴേക്കുള്ള യാത്രയിൽ വൈദ്യുതിയുണ്ടാകും. എൽ ഇ ഡി ബൾബു കത്തും!

സഞ്ചിയെ താഴേക്കു വലിക്കുന്നത് ആരാണ്? ഭൂമി, ഗുരുത്വാകർഷണം. ഉയരത്തിലിരിക്കുന്ന സഞ്ചിക്കു സ്ഥാനികോർജ മുണ്ട്. താഴേക്കു പോകുമ്പോൾ സ്ഥാനികോർജം ഗതികോർജമായി മാറും. അതാണ് വൈദ്യുതിയായി മാറുന്നത്. ഉണ്ടാകുന്ന വൈദ്യുതി വളരെ കുറവ്. ഒരു ഡെസി വാട്ട് (1/10 വാട്ട്) മാത്രം. അതുമതി ഉപകരണത്തിലെ ബൾബു കത്താൻ.

ഈ വിളക്കു ഡിസൈൻ ചെയ്ത് തയ്യാറാക്കി നൽകുന്നത് ഡെസിവാട്ട് (Deciwatt) എന്ന കമ്പനിയാണ്. ആദ്യം കെനിയയിലായിരിക്കും ഈ വിളക്കുകൾ ലഭ്യമാക്കുക. അതും വൈദ്യുതി ഇതുവരെ എത്താത്ത ഗ്രാമങ്ങളിലെ ദരിദ്രവിഭാഗക്കാർക്ക്. ഭാവിയിൽ മറ്റു രാജ്യങ്ങളിലും എത്തും. മണ്ണെണ്ണവിളക്കുകൾ തുപ്പുന്ന പുക ശ്വസിച്ച് രോഗികളാകുന്ന കോടിക്കണക്കിനു ജനങ്ങൾ ഇന്നും ലോകത്തുണ്ട്. വേൾഡ് ബാങ്കിന്റെ കണക്കനുസരിച്ച് ലോകത്ത് 780 ദശലക്ഷം സ്ത്രീകളും കുട്ടികളും ഇങ്ങനെ ഒരു ദിവസം രണ്ടു പാക്കറ്റ് സിഗരറ്റിൽ നിന്നുള്ള പുകയ്ക്കു സമാനമായ പുക ശ്വസിക്കുന്നു! വെറുതെയല്ല ദരിദ്രരായ അനേകം സ്ത്രീകൾക്ക് അവർ സിഗരറ്റു വലിക്കാതിരുന്നിട്ടും ശ്വാസകോശക്യാൻസർ പിടിപെടുന്നത്. ഗ്രാവിറ്റി ലൈറ്റ് അവർക്ക് ആശ്വാസം നൽകും.

ഇനി ഒരു ചോദ്യം. ഗ്രാവിറ്റി ലൈറ്റുണ്ടാക്കാൻ ഒരു ഭാരം ഉയരത്തിലേക്കു വലിച്ചു കയറ്റണം. കയറ്റിക്കഴിഞ്ഞാൽ ഗ്രാവിറ്റിയുടെ വലിവുമൂലം അതു താഴേക്കു സഞ്ചരിക്കും. വൈദ്യുതിയുമുണ്ടാകും.



ഗ്രാവിറ്റി ലൈറ്റ്
പ്രവർത്തിക്കുന്ന രീതി.

ഗ്രാവിറ്റി ലൈറ്റുണ്ടാക്കാൻ ഒരു ഭാരം ഉയരത്തിലേക്കു വലിച്ചു കയറ്റണം. കയറ്റിക്കഴിഞ്ഞാൽ ഗ്രാവിറ്റിയുടെ വലിവുമൂലം അതു താഴേക്കു സഞ്ചരിക്കും. വൈദ്യുതിയുമുണ്ടാകും. ഭൂമി പണിയെടുത്ത് വൈദ്യുതി ഉണ്ടാക്കി തരും! പക്ഷേ ഭാരം ഉയർത്താൻ മനുഷ്യൻ പണിയെടുക്കണം. വലിച്ചുയർത്തുന്ന പണി, അധ്വാനം. അതാണ് വാസ്തവത്തിൽ കറന്റായി മാറുന്നത്.



മാർട്ടിൻ റിഡിഫോർഡ്



ജിം റീവ്സ്

ഭൂമി പണിയെടുത്ത് വൈദ്യുതി ഉണ്ടാക്കി തരും! പക്ഷേ ഭാരം ഉയർത്താൻ മനുഷ്യൻ പണിയെടുക്കണം. വലിച്ചുയർത്തുന്ന പണി, അധ്വാനം. അതാണ് വാസ്തവത്തിൽ കറന്റായി മാറുന്നത്. ഗ്രാമങ്ങളിൽ മനുഷ്യാധ്വാനത്തിനു വില കുറവ്. സ്വന്തം വീട്ടിൽ വീട്ടിലെ അംഗങ്ങൾ ആ അധ്വാനം നടത്തുമ്പോൾ വേറെ ചെലവില്ല. അവർ അധ്വാനിച്ച് അവർക്കു വേണ്ട വൈദ്യുതി ഉണ്ടാക്കുകയാണ്. ആ അധ്വാനം അവർക്കു ആരോഗ്യവും നൽകും. അതും നല്ലത്.

പക്ഷേ അങ്ങനെ അധ്വാനിക്കാൻ അവർ ഭക്ഷണം കഴിക്കണം. ഭക്ഷണം ലഭിക്കണമെങ്കിൽ ഭക്ഷണപദാർത്ഥങ്ങൾ ലഭിക്കണം. ഒന്നുകിൽ അതുവാങ്ങാൻ മാത്രം ആദായം അവർക്കു വേണം. അല്ലെങ്കിൽ അവർ മണ്ണിൽ പണിയെടുത്തു കൃഷി ചെയ്തു ഭക്ഷണമുണ്ടാക്കണം.

അപ്പോൾ അങ്ങനെ ഭക്ഷണമുണ്ടാക്കാൻ കൃഷിവേണം. വിഷമയമില്ലാത്ത നല്ല മണ്ണു വേണം. വെള്ളം വേണം. അതിനു പ്രകൃതി പരുക്കേൽക്കാതെ നിലനിൽക്കണം. എങ്കിലേ മണ്ണിൽ പൊന്നു വിളയൂ.

അപ്പോൾ ഗ്രാവിറ്റി ലൈറ്റുണ്ടാക്കണമെങ്കിലും ഭൂമിയെ രക്ഷിച്ചു നിർത്തണമെന്നു വരുന്നു. മണ്ണിനെ രക്ഷിക്കണമെന്ന്. മണ്ണില്ലെങ്കിൽ മനുഷ്യനില്ലെന്നു പറയുന്നത് വെറുതെയല്ല.

അപ്പോൾ ഗ്രാവിറ്റി ലൈറ്റിനെപ്പറ്റി കൂട്ടുകാർ മനസ്സിലാക്കിയല്ലോ. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് കാണുക. http://gravitylight. org




# വിത്ത്

ദിവാകരൻ വിഷ്ണുമംഗലം

കാത്തുവച്ച വിത്തു തരാം
ബാക്കിയായ മണ്ണുതരാം
നാട്ടുറവിൻ നീരുതരാം
നീ വരില്ലേ കൂടെയെന്നും?

കാവുതീണ്ടി കുളം വറ്റി,
കാടെല്ലാം പോയ്മറഞ്ഞു;
പാടമില്ലാ തോടുമില്ല
പാഴ്മരുവായ് ഭൂമിയിന്ന്!

കത്തിനിൽക്കും കാലമാണ്
ചുട്ടുപൊള്ളും ഭൂതലത്തിൽ
മർത്ത്യജന്മം മൃത്യുവിന്റെ
വക്കിലെത്തി നിൽക്കയാണ്!

വിത്തൊരെണ്ണം നീ വിതയ്ക്കൂ
നിത്യവും നീ നീരുനൽകൂ
ഹൃത്തിനാലേ കാത്തു മണ്ണിൻ
പൂവനമായ് നീ വളരൂ.

# വൃദ്ധനായ പാചകൻ

കൺസ്റ്റന്റീൻ പൗസ്തോവ്സ്കി
വിവർത്തനം സി തങ്കം

ആയിരത്തിഎഴുന്നൂറ്റി എൺപത്താറിലെ ഒരു ഹേമന്തകാലസായാഹ്നം. വയസ്സനും അന്ധനുമായ ഒരു പാചകൻ വിയന്നയുടെ പ്രാന്തപ്രദേശത്ത് ഒരു തോട്ടത്തിൽ മരണം കാത്തുകിടക്കുകയാണ്. തുൻ എന്ന പ്രഭ്വിയുടെ അരിവെപ്പുകാരനായിരുന്നു അയാൾ. മരംകൊണ്ടുള്ള ഒരു പഴയ വീട്ടിലാണു താമസം. അതിനെ ഒരു വീടെന്നു വിളിക്കാൻ പ്രയാസമാണ്. തോട്ടത്തിന്റെ അങ്ങേയറ്റത്തു സ്ഥിതിചെയ്തിരുന്ന പഴകി വീഴാറായ ഒരു കൊച്ചുകുടിലായിരുന്നു അത്. കാറ്റിൽ പറന്നു വന്നുവീണ മരച്ചില്ലകൾ തോട്ടത്തിൽ എല്ലായിടത്തും കാണാം. ആരെങ്കിലും ആ വഴി നടന്നുവന്നാൽ, ഓരോ അടി വയ്ക്കുമ്പോഴും ഉണങ്ങിയ ചില്ലകൾ കലപില ശബ്ദം ഉണ്ടാക്കുന്നതു കേൾക്കാം. കൂട്ടിൽ അടച്ചിട്ടിരുന്ന ഒരു വയസ്സൻനായ അതുകേൾക്കുമ്പോൾ ഒന്നു മുരളും. തന്റെ യജമാനനെ



വര: സചീന്ദ്രൻ കാറഡുക്ക

പ്പോലെ നായയും മരണം കാത്തുകിടക്കുകയാണ്, കുരയ്ക്കുവാനുള്ള ശക്തി പോലുമില്ലാതെ.

കുറച്ചു വർഷങ്ങൾക്കു മുമ്പ് അടുപ്പിൽ നിന്നുള്ള ചൂടുകാരണം ആ പാചകനു തന്റെ കാഴ്ച നഷ്ടപ്പെട്ടു. അപ്പോൾ പ്രഭിയുടെ കാര്യസ്ഥൻ അയാളെ ഈ പഴയ പുരയിലേക്കു മാറ്റിത്താമസിപ്പിച്ചു. ഇടയ്ക്കിടെ കാര്യസ്ഥൻ വന്ന് അയാൾക്കു ചെലവിനായി കുറച്ചു പണം കൊടുക്കും.

പാചകന്റെ ഒപ്പം പതിനെട്ടു വയസ്സായ അയാളുടെ മകളുമുണ്ട്. മറിയ എന്നായിരുന്നു അവളുടെ പേര്. ഒരു കട്ടിൽ, ഇളകുന്ന കാലുകളോടുകൂടിയ രണ്ടു ബഞ്ചുകൾ, ഒരു പരുപരുത്ത മേശ, പഴയ കുറച്ചു പിഞ്ഞാണപ്പാത്രങ്ങൾ എന്നിവ മാത്രമാണ് ആ വീട്ടിലുണ്ടായിരുന്നത്. ഇവയ്ക്കു പുറമെ ഹാർപ്സികോർഡ് എന്ന ഒരു സംഗീതോപകരണവും ആ വീട്ടിൽ ഉണ്ടായിരുന്നു. മറിയ അതിനെ ഒരു നിധി പോലെ കരുതി സൂക്ഷിച്ചുപോന്നു. ചുറ്റുമുള്ള ശബ്ദങ്ങളുടെ പ്രതിധ്വനി ആ പഴയ ഹാർപ്സികോർഡിന്റെ കമ്പികളിൽ നിന്നും നേരിയ സ്വരത്തിൽ വളരെനേരം കേൾക്കാം. അവരുടെ വീട്ടിലെ കാവലാണ് ആ സംഗീതോപകരണം എന്നു വൃദ്ധൻ തമാശയായി പറയുമായിരുന്നു. ഹാർപ്സികോർഡിന്റെ വിറയ്ക്കുന്ന നേരിയസ്വരം വീട്ടിൽ വരുന്ന അതിഥികൾക്കു സ്വാഗതമരുളും.

മറിയ ആസന്നമരണനായി കിടക്കുന്ന അച്ഛനെ കുളിപ്പിച്ച് വൃത്തിയുള്ള, തണുപ്പു വിടാത്ത ഷർട്ട് ധരിപ്പിച്ചു. അപ്പോൾ അദ്ദേഹം മകളോടു പറഞ്ഞു. ''പാതിരിമാരെയും സന്യാസിമാരെയും ഞാൻ ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. പാതിരിയെ വിളിച്ചു കുമ്പസരിക്കാൻ എനിക്കിഷ്ടമില്ല. പക്ഷേ മരിക്കുന്നതിനു മുമ്പ് എന്റെ മനസ്സാക്ഷിയെ എനിക്കു പരിശുദ്ധമാക്കണം.''

''ഞാനെന്താണു ചെയ്യേണ്ടത്, പപ്പാ?'' മറിയ ഭയത്തോടെ ചോദിച്ചു.

**ഇവയ്ക്കു പുറമെ ഹാർപ്സികോർഡ് എന്ന ഒരു സംഗീതോപകരണവും ആ വീട്ടിൽ ഉണ്ടായിരുന്നു. മറിയ അതിനെ ഒരു നിധി പോലെ കരുതി സൂക്ഷിച്ചുപോന്നു. ചുറ്റുമുള്ള ശബ്ദങ്ങളുടെ പ്രതിധ്വനി ആ പഴയ ഹാർപ്സികോർഡിന്റെ കമ്പികളിൽ നിന്നും നേരിയ സ്വരത്തിൽ വളരെനേരം കേൾക്കാം. ഹാർപ്സികോർഡിന്റെ വിറയ്ക്കുന്ന നേരിയ സ്വരം വീട്ടിൽ വരുന്ന അതിഥികൾക്കു സ്വാഗതമരുളും.**

''നീ തെരുവിലേക്കു പോകൂ.'' വൃദ്ധൻ പറഞ്ഞു. ''നീ ആദ്യം കണ്ടുമുട്ടുന്ന ആളോടു വീട്ടിലേക്കു വരാൻ അപേക്ഷിക്കൂ. വീട്ടിൽ മരിക്കാൻ കിടക്കുന്ന ഒരാൾക്കു തന്റെ പാപം ഏറ്റുപറയണം എന്നു പറയൂ. ആരും വയ്യ എന്നു പറയില്ല.''

''നമ്മുടെ തെരുവിൽ സാധാരണ ആരെയും കാണാറില്ലല്ലോ?'' എന്നു പറഞ്ഞ് ഒരു ഷാൾ എടുത്തുപുതച്ച് അവൾ പുറത്തുപോയി.

അവൾ തോട്ടത്തിൽക്കൂടി ഓടി, തുരുമ്പുപിടിച്ച വാതിൽ പ്രയാസപ്പെട്ടു തുറന്ന്, അവിടെ നിന്നു. തെരുവു വിജനമായിരുന്നു. ഇലകളെ പറത്തിക്കൊണ്ടു കാറ്റുവീശിയിരുന്നു. ഇരുണ്ട ആകാശത്തിൽ നിന്നും തണുത്ത മഴത്തുള്ളികൾ വീഴാൻ തുടങ്ങി.

മറിയ കുറെനേരം ആരെങ്കിലും വരുന്നുണ്ടോ എന്നു ശ്രദ്ധിച്ച് അവിടെനിന്നു. അപ്പോൾ ആരോ ഒരാൾ മൂളിപ്പാട്ടു പാടിക്കൊണ്ട് ആ വഴി വരുന്നത് അവൾ കണ്ടു.

അവൾ കുറച്ചടി മുന്നോട്ടു വച്ചപ്പോൾ അയാളുമായി കൂട്ടിമുട്ടി. അവൾക്കു കരച്ചിൽ അടക്കാൻ കഴിഞ്ഞില്ല. അയാൾ നടത്തം നിർത്തി ചോദിച്ചു ''ആരാത്?''

മറിയ അയാളുടെ കൈപിടിച്ച്, തന്റെ അച്ഛന്റെ ആഗ്രഹം വിറയാർന്ന സ്വരത്തിൽ അയാളെ അറിയിച്ചു.

''വളരെ നല്ലത്.'' അയാൾ ശാന്തസ്വരത്തിൽ പറഞ്ഞു. ''ഞാനൊരു പാതിരിയല്ല. പക്ഷേ അതു സാരമില്ല; നമുക്കു പോകാം.''

അവർ വീട്ടിനുള്ളിൽ കടന്നു. മെഴുകുതിരിയുടെ വെളിച്ചത്തിൽ മറിയ കണ്ടത് ഒരു ചെറിയ മെലിഞ്ഞ മനുഷ്യനെയാണ്. തന്റെ നനഞ്ഞ കോട്ട് അയാൾ ബഞ്ചിൽ വച്ചു. ലളിതവും അതേ സമയം മാന്യവും ഭംഗിയുള്ളതുമായ വസ്ത്രമാണ് അയാൾ ധരിച്ചിരുന്നത്. മെഴുകുതിരിയുടെ വെളിച്ചം അയാളുടെ കറുത്ത കോട്ടിലും, സ്ഫടികനിർമ്മിതമായ ബട്ടനുകളിലും കോട്ടിന്റെ കോളറിലെ റേന്തയിലും തട്ടി മിന്നി.

ഒരു ചെറുപ്പക്കാരനായിരുന്നു ആ അപരിചിതൻ. അയാൾ തന്റെ തല ഒരു കുഞ്ഞിനെപ്പോലെ കുലുക്കി, കൃത്രിമമുടി ശരിയാക്കി. കട്ടിലിന്റെ അടുത്തേക്ക് ഒരു പീഠം വലിച്ചിട്ട് ആസന്നമരണനായ ആ വൃദ്ധന്റെ മുഖത്തേക്കു ശ്രദ്ധാപൂർവം

കൗതുകത്തോടെ നോക്കിക്കൊണ്ടു കുനിഞ്ഞിരുന്നു.

"സംസാരിക്കൂ..." അയാൾ പറഞ്ഞു. "ഈശ്വരൻ തന്ന ശക്തികൊണ്ടല്ല, ഒരു വേള ഞാൻ സേവിക്കുന്ന കല എനിക്കു നൽകുന്ന ശക്തികൊണ്ടു നിങ്ങളുടെ അസാനനിമിഷങ്ങളിലെ മനഃപ്രയാസവും ആത്മാവിന്റെ ദുഃഖവും അകറ്റാൻ കഴിഞ്ഞേക്കാം."

"ജീവിതം മുഴുവൻ, എന്റെ കാഴ്ചശക്തി നശിക്കുന്നതുവരെ ഞാൻ പ്രയത്നിച്ചു." വൃദ്ധൻ അയാളെ കൈകൊണ്ട് അടുപ്പിച്ചു വളരെ പതുക്കെപ്പറഞ്ഞു. "രാപ്പകൽ പണിയെടുക്കുന്നവനു പാപം ചെയ്യാൻ എവിടെ സമയം? പിന്നെ എന്റെ ഭാര്യക്ക്, അവളുടെ പേര് മാർത്ത എന്നായിരുന്നു, ക്ഷയരോഗം പിടിപെട്ടു. ഡോക്ടർ പലതരത്തിലുള്ള വിലപിടിച്ച മരുന്നുകൾ എഴുതിത്തന്നു. വെണ്ണയും അത്തിപ്പഴവും അവൾക്കു തിന്നാൻ കൊടുക്കണമെന്നും ഇളംചൂടുള്ള ചുവന്നവീഞ്ഞു കുടിക്കാൻ കൊടുക്കണമെന്നും നിർദ്ദേശിച്ചു. പ്രഭ്വിയുടെ ഡിന്നർസെറ്റിൽ നിന്ന് ഞാൻ ഒരു ചെറിയ സ്വർണ്ണപ്പാത്രം മോഷ്ടിച്ചു. അതു ചെറുകഷണങ്ങളാക്കിപ്പൊട്ടിച്ച് ഞാൻ വിറ്റു. എന്റെ മകളിൽ നിന്ന് ഈ കാര്യം ഞാൻ ഒളിപ്പിച്ചുവച്ചു എന്ന വിചാരം എന്നെ വളരെ വിഷമിപ്പിക്കുന്നു. മറ്റുള്ളവരുടെ മേശയിലെ പൊടിപോലും തൊടരുതെന്നാണു ഞാനവളെ പഠിപ്പിച്ചിരിക്കുന്നത്."

"പ്രഭ്വിയുടെ വേറെ വേലക്കാരാരെങ്കിലും ഈ കുറ്റംകൊണ്ടു ശിക്ഷിക്കപ്പെട്ടുവോ?" അപരിചിതൻ ചോദിച്ചു.

"ഞാൻ സത്യം ചെയ്യുന്നു, സാർ. പിന്നാർക്കും ഒരാപത്തും വന്നില്ല." വൃദ്ധൻ മറുപടി പറഞ്ഞു കണ്ണീർ വാർക്കാൻ തുടങ്ങി. "സ്വർണ്ണം കൊണ്ടൊന്നും എന്റെ മാർത്തയെ രക്ഷിക്കാൻ കഴിയില്ലെന്ന് അറിഞ്ഞിരുന്നെങ്കിൽ ഞാൻ ആ കളവു ചെയ്യുമായിരുന്നില്ല..."

"നിങ്ങളുടെ പേരെന്താ?" അപരിചിതൻ ആരാഞ്ഞു.

"ജൊഹാൻ മെയർ, സാർ."

"ശരി, ജൊഹാൻ മെയർ." അപരിചിതൻ തന്റെ കൈപ്പടം വൃദ്ധന്റെ കാഴ്ചയില്ലാത്ത കണ്ണുകളുടെ മുകളിൽവച്ചു പറഞ്ഞു "മനുഷ്യർക്കു മുമ്പിൽ നിങ്ങൾ കുറ്റം ചെയ്തവനല്ല. നിങ്ങൾ ചെയ്തതു പാപമല്ല, അത് ഒരു കളവും അല്ല. നേരെമറിച്ചു നിങ്ങൾ അതു ദാനം കിട്ടിയതുപോലെ നിനച്ചാൽ മതി."

"ആമേൻ!" വൃദ്ധൻ പതുക്കെ പറഞ്ഞു.

"ആമേൻ!" അപരിചിതൻ അത് ഏറ്റുപറഞ്ഞു.

"ഇനി നിങ്ങളുടെ അവസാനത്തെ അഭിലാഷം എന്നോടു പറഞ്ഞാലും."

"ആരെങ്കിലും എന്റെ മറിയയെ സംരക്ഷിക്കണം."

"ഞാനത് ഏറ്റു. വേറെ എന്തെങ്കിലും ആഗ്രഹം ഉണ്ടോ നിങ്ങൾക്ക്?"

അപ്പോൾ ആസന്നമരണനായി കിടക്കുന്ന വൃദ്ധൻ അപ്രതീക്ഷിതമായി മന്ദഹസിച്ച് ഉറക്കെ പറഞ്ഞു "എനിക്ക് എന്റെ മാർത്തയെ ഒന്നുകൂടി കാണാൻ കഴിഞ്ഞെങ്കിൽ. ചെറുപ്പകാലത്തു ഞങ്ങൾ ആദ്യം കണ്ടുമുട്ടിയതുപോലെ. സൂര്യനെയും വസന്തത്തിൽ പൂത്തുലഞ്ഞു നിൽക്കുന്ന ആ പഴയ തോട്ടത്തെയും ഒന്നുകൂടി കാണാൻ കഴിഞ്ഞെങ്കിൽ! പക്ഷേ അതസാദ്ധ്യമാണല്ലോ സാർ. എന്റെ ഈ വിഡ്ഢിത്തം നിറഞ്ഞ വാക്കുകൾക്ക് എന്നോടു പൊറുത്താലും. സുഖക്കേടിന്റെ കാഠിന്യം കൊണ്ട് ഒരുവേള എനിക്ക് സ്വബോധം നഷ്ടപ്പെട്ടിരിക്കാം."

ഡോക്ടർ പലതരത്തിലുള്ള വിലപിടിച്ച മരുന്നുകൾ എഴുതിത്തന്നു. വെണ്ണയും അത്തിപ്പഴവും അവൾക്കു തിന്നാൻ കൊടുക്കണമെന്നും ഇളംചൂടുള്ള ചുവന്നവീഞ്ഞു കുടിക്കാൻ കൊടുക്കണമെന്നും നിർദ്ദേശിച്ചു. പ്രഭ്വിയുടെ ഡിന്നർസെറ്റിൽ നിന്ന് ഞാൻ ഒരു ചെറിയ സ്വർണ്ണപ്പാത്രം മോഷ്ടിച്ചു. അതു ചെറുകഷണങ്ങളാക്കിപ്പൊട്ടിച്ച് ഞാൻ വിറ്റു. മറ്റുള്ളവരുടെ മേശയിലെ പൊടിപോലും തൊടരുതെന്നാണു ഞാനവളെ പഠിപ്പിച്ചിരിക്കുന്നത്."

"നല്ലത്..." അപരിചിതൻ എഴുന്നേറ്റുകൊണ്ടു പറഞ്ഞു. "നല്ലത്..." എന്നയാൾ പിന്നെയും പറഞ്ഞു. അയാൾ ഹാർപ്സികോർഡിന്റെ അടുത്തു പോയി പീഠത്തിൽ ഇരുന്നു. "നല്ലത്..." കുറച്ച് ഉച്ചത്തിൽ അയാൾ മൂന്നാമതും പറഞ്ഞു. പെട്ടെന്നു നൂറു കണക്കിനു കൊച്ചുസ്ഫടികഗോളങ്ങൾ നിലത്തുരുളുന്നുവോ എന്നു തോന്നുമാറ് ആ വീടു മുഴുവൻ ദ്രുതഗതിയിൽ ചലിക്കുന്ന മണിനാദം കൊണ്ടുനിറഞ്ഞു.

"ശ്രദ്ധിച്ചു കേൾക്കൂ." അപരിചിതൻ പറഞ്ഞു.





''കേൾക്കൂ, എന്നിട്ടു നോക്കൂ.''

അയാൾ ആ വാദ്യോപകരണം മീട്ടി വായിക്കാൻ തുടങ്ങി. അയാളുടെ കരസ്പർശമേറ്റ് അതിന്റെ ആദ്യത്തെ കമ്പിയിൽ നിന്നും ശബ്ദം പുറത്തുവന്നപ്പോൾ, അയാളുടെ മുഖഭാവം എങ്ങനെയിരുന്നു എന്ന് മറിയ പിന്നീട് ഓർത്തു. അയാളുടെ പുരികത്തിൽ ഒരു വല്ലാത്ത പിളർപ്പുപ്രത്യക്ഷപ്പെട്ടു. മെഴുകുതിരിയുടെ നാളം അയാളുടെ കറുത്ത കണ്ണുകളിൽ ആടിക്കളിച്ചു.

എത്രയോ വർഷങ്ങൾക്കു ശേഷം ആ ഹാർപ്സികോർഡ് അതിന്റെ എല്ലാ ഗാംഭീര്യത്തോടും കൂടി ശബ്ദമുതിർത്തു. കാതിനിമ്പം തരുന്ന അതിന്റെ സ്വരം വീട്ടിൽ മാത്രമല്ല, തോട്ടത്തിലേക്കും വ്യാപിച്ചു. ആ വയസ്സൻനായ അതിന്റെ കൂട്ടിൽ നിന്നും പുറത്തുവന്നു. തല ഒരു വശത്തേക്ക് ചരിച്ച് അതവിടെ ഇരുന്നു. എന്നിട്ടു ചെവി കൂർപ്പിച്ച് വാല് പതുക്കെ ആട്ടാൻ തുടങ്ങി. ഈർപ്പം നിറഞ്ഞ മഞ്ഞു വീണുകൊണ്ടിരുന്നു. പക്ഷേ നായ അതിന്റെ ചെവി വിറപ്പിക്കുക മാത്രം ചെയ്തു.

''എനിക്കു കാണാൻ കഴിയുന്നു സാർ!!'' കിടക്കയിൽ നിന്നും പാതി എഴുന്നേറ്റു വൃദ്ധൻ പറഞ്ഞു. ''മാർത്തയെ ആദ്യമായി കണ്ട ദിവസം ഞാൻ കാണുന്നു സാർ! പരിഭ്രമം കൊണ്ട് അവൾ കൈയിലിരുന്ന പാൽപ്പാത്രം താഴെയിട്ടു പൊട്ടിച്ചു. പർവ്വതങ്ങളിൽ അന്നു ഹേമന്തകാലമായിരുന്നു. ആകാശം നീലസ്ഫടികംപോലെ സുതാര്യം. മാർത്ത ചിരിച്ചിരുന്നു, ചിരിച്ചുകൊണ്ടേയിരുന്നു...'' ശബ്ദതരംഗത്തെ ശ്രദ്ധിച്ചു ശ്രവിച്ചുകൊണ്ടു വൃദ്ധൻ പറഞ്ഞു.

ജനലിൽക്കൂടി ഇരുട്ടിലേക്കു നോക്കി അപരിചിതൻ തന്റെ വാദനം തുടർന്നു.. ''ഇപ്പോഴോ?'' അയാൾ വൃദ്ധനോടു ചോദിച്ചു.

''നിങ്ങൾ എന്തെങ്കിലും കാണുന്നുണ്ടോ?''

വൃദ്ധൻ പാട്ട് ശ്രദ്ധിച്ചുകേട്ടു മിണ്ടാതിരുന്നു. ''നിങ്ങൾ ശരിക്കും കാണു

ന്നില്ലേ?'' വാദ്യവാദനം നിർത്താതെ അപരിചിതൻ ഉദ്വേഗത്തോടെ ചോദിച്ചു.

''കറുത്തരാത്രി കറുപ്പുകലർന്ന നീലനിറമായി മാറുന്നതും, പിന്നെ ഇളംനീലനിറമായി മാറുന്നതും... മുകളിലെ വിടെനിന്നോ ഊഷ്മളമായ പ്രകാശം എത്തിക്കഴിഞ്ഞതും... മരങ്ങളുടെ പ്രായം ചെന്ന ശാഖകളിൽ വെളുത്ത പൂക്കൾ വിടരാൻ തുടങ്ങിയിരിക്കുന്നതും... ഇതെല്ലാം നിങ്ങൾ കാണുന്നില്ലേ? അവ ആപ്പിളിന്റെ പൂവുകളാണെന്ന് എനിക്കു തോന്നുന്നു. പക്ഷേ അകത്തു നിന്നു നോക്കുമ്പോൾ ട്യൂലിപ്പിന്റെ പൂക്കൾ പോലെയിരിക്കുന്നു. നോക്കൂ, ആദ്യത്തെ സൂര്യകിരണങ്ങൾ കൽത്തളത്തിൽ എത്തിയിരിക്കുന്നു; അവ കല്ലിനെ ചൂടാക്കുന്നു; കല്ലിൽ നിന്ന് ആവി ഉയരുന്നു. കല്ലിലെ പായലിൽ തങ്ങിനിൽക്കുന്ന മഞ്ഞ് ഉരുകാൻ തുടങ്ങിയിരിക്കുന്നു. ആകാശം കൂടുതൽ കൂടുതൽ മേൽപ്പോട്ട് ഉയരുന്നതായി തോന്നുന്നു. അതു നല്ല നീല നിറം പൂണ്ടു പൂർവ്വാധികം മനോഹരമായി തീർന്നിരിക്കുന്നു. നമ്മുടെ പഴയ വിയന്നയുടെ മുകളിൽക്കൂടി പറവകൾ കൂട്ടംകൂട്ടമായി വടക്കുപ്രദേശത്തെ ലക്ഷ്യമാക്കി പറക്കാൻ തുടങ്ങിയിരിക്കുന്നു...''

''എനിക്ക് എല്ലാം കാണാൻ കഴിയുന്നുണ്ട്!!'' വൃദ്ധൻ കരഞ്ഞുകൊണ്ടു പറഞ്ഞു. ഹാർപ്സികോഡിന്റെ പെഡൽ മൃദുവായി ശബ്ദമുണ്ടാക്കി. അതിൽ നിന്ന് ഉത്സാഹഭരിതമായ സംഗീതം പുറത്തുവന്നു. പക്ഷേ ആ വാദ്യോപകരണത്തിൽ നിന്നല്ല, ആഹ്ലാദം നിറഞ്ഞ നൂറു കണ്ഠങ്ങളിൽ നിന്നാണു സംഗീതമുയർന്നു വന്നത് എന്നു തോന്നിയിരുന്നു.

''അല്ല സാർ,'' മറിയ അപരിചിതനോട് പറഞ്ഞു.

''ആ പൂക്കൾ ട്യൂലിപ്പിനെ പോലെയല്ല. ഒരു രാത്രി കൊണ്ട് ആപ്പിൾമരങ്ങൾ പൂത്തതാണ്...''

''ശരിയാണ്,'' അപരിചിതൻ പറഞ്ഞു.

''അത് ആപ്പിൾമരങ്ങൾ തന്നെയാണ്. പക്ഷേ അവയുടെ ദളങ്ങൾ വലുതാണല്ലോ.''

''ജനൽ തുറക്കൂ, മറിയ..'' വൃദ്ധൻ അപേക്ഷിച്ചു.

മറിയ ജനൽ തുറന്നു. തണുത്തകാറ്റ് അകത്തേക്ക് ആഞ്ഞടിച്ചു. അപരിചിതൻ പതുക്കെ, വളരെ മൃദുവായ സ്വരത്തിൽ സംഗീതവാദനം തുടർന്നു.

വൃദ്ധൻ തലയിണയിലേക്കു വീണു. കൈകൊണ്ടു കമ്പിളി അമർത്തിപ്പിടിക്കാൻ ശ്രമിച്ച് അദ്ദേഹം പ്രയാസപ്പെട്ടു ശ്വാസംകഴിച്ചു. മറിയ അവളുടെ പപ്പായുടെ അടുത്തേക്ക് ഓടി. അപരിചിതൻ പാട്ടു നിർത്തി. സ്വന്തം സംഗീതം തന്നെ വശീകരിച്ച പോലെ അനങ്ങാതെയിരുന്നു.

മറിയ കരഞ്ഞുവിളിച്ചു. അപരിചിതൻ എഴുന്നേറ്റു കട്ടിലിന്റെ അടുത്തേക്കു പോയി. ശ്വാസം മുട്ടിക്കൊണ്ട് വൃദ്ധൻ പറഞ്ഞു.

''വളരെ വർഷങ്ങൾക്കുമുമ്പ് എന്നപോലെ ഞാൻ എല്ലാം വ്യക്തമായി കണ്ടു. പക്ഷേ നിങ്ങളുടെ... നിങ്ങളുടെ... നിങ്ങളുടെ പേരറിയാതെ, എനിക്കു മരിക്കാൻ ആഗ്രഹമില്ല...''

''എന്റെ പേര് വോൾഫ്ഗാങ് അമഡിയസ് മൊസാർട്ട്...''* അപരിചിതൻ സാധാരണമട്ടിൽ മറുപടി പറഞ്ഞു.

മറിയ കട്ടിലിൽ നിന്ന് മാറി, താഴ്ന്ന്, വളരെ താഴ്ന്ന്, മുട്ടുകുത്തി അദ്ദേഹത്തെ വന്ദിച്ചു. അവളുടെ തല ആ അനുഗൃഹീത സംഗീതജ്ഞന്റെ മുമ്പിൽ നിലം തൊടുന്നതുവരെ താഴ്ന്നു...

അവൾ മുട്ടിൽ നിന്ന് എഴുന്നേറ്റപ്പോഴേക്കും വൃദ്ധൻ അന്ത്യശ്വാസം വലിച്ചു കഴിഞ്ഞിരുന്നു. പ്രഭാതം ജനലിന്റെ പുറത്തു പൊട്ടിവിരിഞ്ഞിരുന്നു. വെയിലിൽ കുളിച്ചു നില്ക്കുന്ന തോട്ടത്തിൽ മഞ്ഞിന്റെ പൂക്കൾ അവിടവിടെ ചിന്നിച്ചിതറി കിടന്നിരുന്നു.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'ശിശിരത്തിലെ ഓക്കുമരം' എന്ന കഥാസമാഹാരത്തിൽ നിന്നും എടുത്തതാണ് ഈ കഥ. പഴയകാല റഷ്യൻകഥകളുടെ സമാഹാരമാണ് പുസ്തകം. 1928ൽ ജനിച്ച കൺസ്റ്റന്റീൻ പൗസ്തോവ്സ്കി ഒരു പത്രപ്രവർത്തകനും എഴുത്തുകാരനും ആയിരുന്നു.

*കഥയിൽ സൂചിപ്പിച്ചിരിക്കുന്ന സംഗീതപ്രതിഭ *വോൾഫ്ഗാങ് അമഡസ് മൊസാർട്ട്* പാശ്ചാത്യസംഗീതലോകത്തെ പ്രമുഖരിലൊരാളാണ്. 1756ൽ ആസ്ട്രിയയിലാണ് മൊസാർട്ട് ജനിച്ചത്. ബിഥോവനൊപ്പം പ്രമുഖ സ്ഥാനമാണ് സംഗീതലോകത്ത് മൊസാർട്ടിനും ഉള്ളത്. 1791ൽ അന്തരിച്ചു.

# നല്ല ഭക്ഷണം നല്ല ആരോഗ്യം

ഡോ. ബി പത്മകുമാർ

കുഞ്ഞുണ്ണിയുടെ സ്കൂളിലെ ഹെൽത്ത് ക്ലബ്ബ് വളരെ സജീവമാണ്. ഓരോ മാസവും ഹെൽത്ത് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ വിഷയങ്ങളെക്കുറിച്ചു വിദഗ്ധരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്. റോഡു സുരക്ഷയെക്കുറിച്ചു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ശുചിത്വത്തെക്കുറിച്ചു പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടർ, ദന്താരോഗ്യവും പല്ലിന്റെ സംരക്ഷണവും സംബന്ധിച്ചു ദന്തഡോക്ടർ തുടങ്ങിയവർ കഴിഞ്ഞ മാസങ്ങളിൽ ക്ലാസ്സുകൾ എടുത്തിരുന്നു. പക്ഷിനിരീക്ഷണത്തെ സംബന്ധിച്ചു പക്ഷിനിരീക്ഷകനായ ശിവദാസ് സാറിന്റെയും പത്രപ്രവർത്തനത്തെക്കുറിച്ച് ശ്രീജിത്ത് സാറിന്റെയും ക്ലാസ്സുകൾ രസകരമായിരുന്നു.

കഴിഞ്ഞ ആഴ്ച നല്ല ഭക്ഷണത്തെക്കുറിച്ചുള്ളതായിരുന്നു ക്ലാസ്സ്. ജില്ലാ ആശുപത്രിയിലെ ഡയറ്റീഷ്യനായ സുമ മാഡമാണു ക്ലാസ്സ് എടുക്കാനായി വന്നത്. കുട്ടികൾ ബുദ്ധിശക്തി മെച്ചപ്പെടാനും ശരീരത്തിനു നല്ല ആരോഗ്യമുണ്ടാകുവാനും രോഗങ്ങൾ വരാതെയിരിക്കുവാനും കഴിക്കേണ്ട ഭക്ഷണത്തെക്കുറിച്ച് മാഡം വിശദമായി പറഞ്ഞുതന്നു. കൂടാതെ മലിനമായ ഭക്ഷണത്തിലൂടെയും ജലത്തിലൂടെയും രോഗാണു പകരാതെയിരിക്കാനായി ഭക്ഷണ ശുചിത്വം പാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വിശദീകരിച്ചു.



വര: ടി ആർ രാജേഷ്

## പ്രഭാതഭക്ഷണം പ്രധാനഭക്ഷണം

ഒരുദിവസം നാം ഏറ്റവും നന്നായി കഴിക്കേണ്ട ഭക്ഷണമേതാണ്? 'ബ്രേക്ക്ഫാസ്റ്റ്'. ഒരു ദിവസം മുഴുവൻ പ്രവർത്തിക്കാനാവശ്യമായ ഊർജവും ഉന്മേഷവും നമുക്കു പ്രഭാതഭക്ഷണത്തിൽ നിന്നും ലഭിക്കും. നമുക്ക് എത്രയെത്ര വൈവിധ്യമാർന്ന ബ്രേക്ക്ഫാസ്റ്റു വിഭവങ്ങളാണുള്ളത്. ദോശയും ചട്നിയും, ഇഡ്ഡലിയും സാമ്പാറും, പുട്ടും കടലയും, അപ്പവും പീസ് കറിയും. ഇങ്ങനെ പോകുന്നു വിഭവങ്ങളുടെ മെനു. എല്ലാ വിഭവങ്ങളും സമീകൃതവും പോഷകസമ്പുഷ്ടവുമാണ്. പുട്ടും കടലയും കാർബോഹൈഡ്രേറ്റിന്റെയും പ്രോട്ടീന്റെയും ഉത്തമ സങ്കലനമാണ്. ഏറ്റവും





നല്ല വെജിറ്റബിൾ സൂപ്പാണ് സാമ്പാർ. നമ്മുടെ കറികളി ലെല്ലാം തന്നെ ആവശ്യ ത്തിനു ജീവകങ്ങളും മൂലകങ്ങളും നാരുകളും അടങ്ങിയിട്ടുണ്ട്.

എന്നാൽ സ്കൂളിലും ട്യൂഷൻ ക്ലാസ്സിലും പോകുന്ന തിരക്കുമൂലം കുട്ടികൾ പലപ്പോഴും ബ്രേക്ക്ഫാസ്റ്റ് കഴിക്കാറില്ല. ഫലമോ സ്കൂളിലെത്തി ഒന്നോ രണ്ടോ പീരിയഡു കഴിയു മ്പോൾ വല്ലാത്ത ക്ഷീണവും തളർച്ചയും. രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവു കുറയുന്നതുമൂലമാണ് ഈ ക്ഷീണം.

ഇപ്പോൾ കുഞ്ഞുണ്ണി രാവിലെ അരമണിക്കൂർ നേരത്തേ എഴുന്നേൽക്കും. സമാധാനമായി ഇരുന്നു വയർ നിറച്ചു ഭക്ഷണം കഴിച്ചിട്ടേ സ്കൂളിൽ പോകാറുള്ളൂ. അതിന്റെ വ്യത്യാസവും അറിയാനുണ്ട്. ദിവസം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രസരിപ്പും ഉന്മേഷവും.

**നമുക്ക് എത്രയെത്ര വൈവിധ്യമാർന്ന ബ്രേക്ക്ഫാസ്റ്റു വിഭവങ്ങളാണുള്ളത്. ദോശയും ചട്നിയും, ഇഡ്ഡലിയും സാമ്പാറും, പുട്ടും കടലയും, അപ്പവും പീസ് കറിയും. എല്ലാ വിഭവങ്ങളും സമീകൃതവും പോഷകസമ്പുഷ്ടവുമാണ്. പുട്ടും കടലയും കാർബോഹൈഡ്രേറ്റിന്റെയും പ്രോട്ടീന്റെയും ഉത്തമ സങ്കലനമാണ്. ഏറ്റവും നല്ല വെജിറ്റബിൾ സൂപ്പാണ് സാമ്പാർ.**

## ജങ്ക് ഫുഡിന്റെ ദോഷങ്ങൾ

ഇപ്പോൾ എവിടെ നോക്കിയാലും ഫാസ്റ്റ്ഫുഡ് കടകളുടെയും ജങ്ക്ഫുഡ് സെന്ററുകളുടെയും പ്രള യമാണ്. എല്ലായിടത്തും നല്ല തിരക്കും. എന്നാൽ പോഷകങ്ങൾ മാറ്റി രുചിയേകാനും മണം കൂടാനുമൊക്കെയായി അനാവശ്യവസ്തുക്കൾ ചേർന്നുണ്ടാക്കുന്നതാണ് ഇവയൊക്കെ. അമിതമായി എണ്ണയും ഉപ്പും മധുരവു മൊക്കെ ഇവയിൽ അടങ്ങി യിട്ടുണ്ട്. കേക്കിലും ബർഗ റിലും പൊറോട്ടയിലുമൊക്കെ ചേർക്കുന്ന മൈദയ്ക്കു യാതൊരു പോഷകമൂല്യ ങ്ങളുമില്ല. ഫാസ്റ്റ്ഫുഡിലട ങ്ങിയിരിക്കുന്ന ട്രാൻസ്ഫാറ്റ് രക്തക്കുഴലുകളിൽ അടിഞ്ഞു കൂടി ഹൃദയാഘാതത്തിനും പക്ഷാഘാതത്തിനുമൊക്കെ ഭാവിയിൽ കാരണമാകാം.

കൂടാതെ ജങ്ക്ഫുഡിലടങ്ങിയിരിക്കുന്ന ഉയർന്ന അളവിലുള്ള ഉപ്പ് രക്തസമ്മർദ്ദം ഉയരാനും കാരണമാകും.

വല്ലപ്പോഴും വീട്ടുകാരൊത്തു ഭക്ഷണം കഴിക്കാൻ പുറത്തുപോകുമ്പോഴോ, പാർട്ടി നടത്തുമ്പോഴോ ഇവ അല്പം കഴിക്കുന്നതുകൊണ്ടു കുഴപ്പമൊന്നുമില്ല. പക്ഷേ ഫാസ്റ്റ് ഫുഡ് വിഭവങ്ങൾ ഒരു ശീലമാക്കരുതെന്നു മാത്രം.

### നാടൻഭക്ഷണം തന്നെ നല്ലത്

നമ്മുടെ നാടൻ ഭക്ഷണവിഭവങ്ങളുടെ പോഷകമൂല്യത്തെക്കുറിച്ചും മാഡം ക്ലാസ്സിൽ വിശദീകരിച്ചിരുന്നു. ഒരുകാലത്ത് കഞ്ഞിയും പയറും അല്ലെങ്കിൽ കപ്പയും മീനുമൊക്കെയായിരുന്നു നമ്മുടെ പൂർവികരുടെ പ്രഭാതഭക്ഷണം. ഉച്ചയ്ക്കു തവിടുകളയാത്ത പുഴുക്കലരികൊണ്ടുണ്ടാക്കിയ ചോറും. പറമ്പിൽ നിന്നും പറിച്ചെടുത്ത പച്ചക്കറികൾ കൊണ്ടുണ്ടാക്കിയ വിവിധതരം കറികളും. രാത്രിയിൽ അല്പം കഞ്ഞിയും പയറുതോരനും. വൈകുന്നേരം സ്കൂൾവിട്ടു വീട്ടിൽ ചെല്ലുമ്പോൾ കുട്ടികൾക്ക് ഉണ്ടാക്കി നൽകുന്ന നാലുമണിപ്പലഹാരങ്ങളായിരുന്നു തേങ്ങയും ശർക്കരയും അകത്തു വെച്ച കൊഴുക്കട്ടയും ഇലയടയുമൊക്കെ. കൊഴുപ്പധികം അടങ്ങാത്ത ജീവകങ്ങളാൽ സമൃദ്ധമായ നാരുകൾ കൊണ്ടു സമ്പന്നമായ ഈ വിഭവങ്ങളൊക്കെ തന്നെ രോഗങ്ങളെ അകറ്റി നിർത്താനും സഹായിച്ചിരുന്നു.

### വീട്ടുകാരോടു പറയാൻ

വീട്ടിൽ ചെല്ലുമ്പോൾ വീട്ടുകാർക്കു പറഞ്ഞുകൊടുക്കാനായി ചില അടുക്കളക്കാര്യങ്ങൾ കൂടി പറഞ്ഞുകൊണ്ടാണ് സുമമാഡം ക്ലാസ് അവസാനിപ്പിച്ചത്. പാചകം ചെയ്യുമ്പോൾ എണ്ണയുടെയും ഉപ്പിന്റെയുമൊക്കെ അളവു കുറയ്ക്കണമെന്നതായിരുന്നു പ്രധാന കാര്യം. എണ്ണ ഉപയോഗിക്കുമ്പോൾ ബാക്കി വരുന്നതു വീണ്ടും വീണ്ടും ചൂടാക്കി ഉപയോഗിക്കരുതെന്നു മാഡം പറഞ്ഞു. അങ്ങനെ ഉപയോഗിക്കുമ്പോൾ കാൻസറിനുപോലും കാരണമാകാവുന്ന ചില ഘടകങ്ങൾ ആ എണ്ണയിൽ രൂപപ്പെട്ടുവരും. അടുക്കളയും പരിസരവും വൃത്തിയായി സൂക്ഷിക്കണമെന്നും ആഹാരപദാർത്ഥങ്ങൾ ഭദ്രമായി അടച്ചു വയ്ക്കണമെന്നും പ്രത്യേകം ഓർമിപ്പിക്കുകയുണ്ടായി.



## തളിര് വായനാമത്സരം

തളിര് വായനാമത്സരം വിജയികളെ പ്രഖ്യാപിച്ചു. വിജയികൾക്ക് അനുമോദനങ്ങൾ. 600രൂപയുടെ പുസ്തകക്കൂപ്പണും സർട്ടിഫിക്കറ്റും വിജയികൾക്കു ലഭിക്കും. വിജയികളുടെ ലിസ്റ്റ് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. വിലാസം http://ksicl.org

സർട്ടിഫിക്കറ്റും സമ്മാനക്കൂപ്പണും സ്കൂൾ മേധാവികൾ വഴി അയക്കുന്നതാണ്. സമ്മാനം ഒക്ടോബർ ആദ്യവാരം നിങ്ങളുടെ കൈകളിലെത്തും. പുസ്തകക്കൂപ്പണുകൾ ഉപയോഗിച്ച് നവംബർ 25നു മുൻപായി പുസ്തകശാലകളിൽ നിന്നും പുസ്തകങ്ങൾ കൈപ്പറ്റേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസുമായി ബന്ധപ്പെടുമല്ലോ.

ഫോൺ: 04712333790, 9447586508

http://ksicl.org

# പൂമ്പാറ്റച്ചിറകിൽ ഒരു പെൺകുട്ടി

ബി മുരളി

വലിയ ഒരു മഴക്കാടിന്റെ ഓരത്തായിരുന്നു പെൺകുട്ടിയും അവളുടെ ബന്ധുക്കളും കൂട്ടുകാരും ഒക്കെ താമസിച്ചിരുന്നത്. ആൺകുട്ടികളൊക്കെ കളിക്കാൻ കാട്ടിനുള്ളിലേക്കുപോകുമായിരുന്നു. പക്ഷേ അവൾ കാടിനകം കണ്ടിട്ടേയില്ല. ഒരുദിവസം അവൾ ആലോചിച്ചു.

“ഒരു പൂമ്പാറ്റയായി മാറിയിരുന്നെങ്കിൽ കാട്ടിനുള്ളിൽ പോകാമായിരുന്നു.”

അന്നേരം അതുവഴി ഒരു പൂമ്പാറ്റ പറന്നുവന്നു. വലിയ ചിറകുകളുള്ള വിശേഷപ്പെട്ട ഒരിനം പൂമ്പാറ്റ. അവൾ അതിനെ കൗതുകത്തോടെ നോക്കിയിട്ട് അറിയാതെ പറഞ്ഞു:



വര: സചീന്ദ്രൻ കാറഡ്ക്ക

''നിങ്ങൾ എന്തു ഭാഗ്യമുള്ള ജീവികളാണ്.''

''അതെന്താ അങ്ങനെ പറഞ്ഞത്?'' പൂമ്പാറ്റ ചോദിച്ചു.

''നിങ്ങൾക്കു പറന്നു പറന്ന് കാട്ടിന്റെ ഉള്ളിലേക്കു പോകാമല്ലോ?''

''അതാണോ വലിയ കാര്യം?'' പൂമ്പാറ്റ പറഞ്ഞു. ''ഇതാ ഞാൻ ചിറകുവിരിച്ചിരിക്കുന്നതു കണ്ടില്ലേ? ഇതുപോലെ നീ കൈകൾ വിടർത്തി നൃത്തം ചെയ്യൂ, എന്റെ പിന്നാലെ...''

പെൺകുട്ടി വിസ്മയത്തോടെ പൂമ്പാറ്റയ്ക്കൊപ്പം ചുവടുവച്ചു. പൂമ്പാറ്റ അലസമായി, വേഗത്തിൽ മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. അതിനുപിന്നാലെ പെൺകുട്ടി നൃത്തം ചെയ്തു നീങ്ങി. എന്നാൽ പെട്ടെന്ന് എവിടെവച്ചോ പൂമ്പാറ്റ അപ്രത്യക്ഷമായി.

അപ്പോഴാണ് പെൺകുട്ടി തിരിച്ചറിഞ്ഞത്. അവൾ ഒരു വലിയ കാടിന്റെ നടുക്ക് എത്തിയിരിക്കുന്നു. അവൾക്കു പേടിയായിത്തുടങ്ങി. വഴിയെല്ലാം അടഞ്ഞിരിക്കുന്നു. കൂറ്റൻ മരങ്ങൾ കൊണ്ട് ആകാശം പോലും മറഞ്ഞിരിക്കുന്നു. സൂര്യനെ കാണാനില്ല.

ആരെങ്കിലും എനിക്കു വഴി പറഞ്ഞുതരൂ എന്നു നിലവിളിച്ചുകൊണ്ട് അവൾ കാട്ടിലൂടെ ഒരുനില കിട്ടാതെ നടന്നു. അപ്പോൾ ആരോ മരത്തിൽ പണി ചെയ്യുന്ന ശബ്ദം കേട്ടു. ഓ, ഒരാളെയെങ്കിലും കാണാൻ പറ്റും എന്നു വിചാരിച്ച് അവൾ ശബ്ദം കേട്ട സ്ഥലത്തേക്കു നീങ്ങി. ഒരു മരംകൊത്തിയായിരുന്നു അത്.

''ഓ, നീയൊരു മനുഷ്യനായിരുന്നെങ്കിൽ..''

**പൂമ്പാറ്റയ്ക്കൊപ്പം പെൺകുട്ടി നൃത്തം ചെയ്തു നീങ്ങി. എന്നാൽ പെട്ടെന്ന് എവിടെവച്ചോ പൂമ്പാറ്റ അപ്രത്യക്ഷമായി. അപ്പോഴാണ് പെൺകുട്ടി തിരിച്ചറിഞ്ഞത്. അവൾ ഒരു വലിയ കാടിന്റെ നടുക്ക് എത്തിയിരിക്കുന്നു. അവൾക്കു പേടിയായിത്തുടങ്ങി. വഴിയെല്ലാം അടഞ്ഞിരിക്കുന്നു. കൂറ്റൻ മരങ്ങൾ കൊണ്ട് ആകാശം പോലും മറഞ്ഞിരിക്കുന്നു. സൂര്യനെ കാണാനില്ല. ആരെങ്കിലും എനിക്കു വഴി പറഞ്ഞുതരൂ എന്നു നിലവിളിച്ചുകൊണ്ട് അവൾ കാട്ടിലൂടെ ഒരുനില കിട്ടാതെ നടന്നു.**

അവൾ അറിയാതെ പറഞ്ഞു.

''അതെന്തിന്? ഞാൻ ഞാനായിട്ടു തന്നെ ഇരുന്നോളാം.'' മരംകൊത്തി ഉടക്കി.

''എങ്കിൽ നിനക്ക് എനിക്കു വഴി കാട്ടിത്തരാൻ പറ്റുമായിരുന്നല്ലോ.'' പെൺകുട്ടി പറഞ്ഞു.

''ഞാൻ ഒരു പണി ചെയ്തുകൊണ്ടിരിക്കുന്നതു കണ്ടില്ലേ? നിങ്ങൾ മനുഷ്യർ വിചാരിക്കുന്നത് എല്ലാവരും നിങ്ങളെ സേവിച്ചു നിൽക്കണം എന്നാണ്. കാട്ടിനു വെളിയിൽ നിങ്ങൾ വലിയ ആളുകളായിരിക്കും. പക്ഷേ കാട്ടിൽ ഒരു മരംകൊത്തിക്കും അതിന്റെ വിലയുണ്ട്. എനിക്കു വേറെ പണികൾ തീർക്കാനുണ്ട്.'' എന്നിട്ട് മരംകൊത്തി പറന്നങ്ങു പോയി.

''അയ്യോ, ഞാൻ മറ്റൊന്നും വിചാരിച്ചു പറഞ്ഞതല്ല.'' പറന്നുപോയ മരംകൊത്തിയെ നോക്കി പെൺകുട്ടി കരയാൻ തുടങ്ങി.

പിന്നെയും അൽപം നടന്നുപോകുമ്പോൾ തട്ടമിട്ട ഒരു വല്യമ്മ ഒരിടത്തു കൂനിക്കൂടിയിരുന്നു എന്തോ പണി ചെയ്യുന്നതു കണ്ടു.

''അമ്മൂമ്മേ എന്നെ രക്ഷിക്കണം. എനിക്കു വഴിതെറ്റിപ്പോയി.'' അവൾ ദയനീയമായി പറഞ്ഞു.

ശബ്ദം കേട്ട് അമ്മൂമ്മ തലപൊക്കി. അത് അവൾ ഇതുവരെ കണ്ടിട്ടില്ലാത്ത ഒരിനം പക്ഷിയായിരുന്നു. അതു ചീറി. ''ഞാനെങ്ങനെ നിന്റെ അമ്മൂമ്മയാകും? നിങ്ങൾ മനുഷ്യർ ഞങ്ങളിൽ എത്രപേരെ അമ്പെയ്തു കൊന്നിട്ടുണ്ട്. ഞങ്ങളിൽ എത്രപേരെ നിങ്ങൾ കറിവച്ചു തിന്നിട്ടുണ്ട്. ഇപ്പോൾ സഹായം വേണംപോലും പോ കൊച്ചേ... പോ കൊച്ചേ...'' പക്ഷി ദേഷ്യം പിടിച്ചു വലിയ ചിറകുകൾ കുടഞ്ഞ് പറന്നുപോയി.

കാട്ടിലെ ജീവികളൊക്കെ എന്നെ വെറുക്കുന്നു. ഞാൻ എന്തു ചെയ്യും? മനുഷ്യനല്ലാതെ എനിക്കു മറ്റെന്താകാനാകും? അവൾ വീണ്ടും കരഞ്ഞുതുടങ്ങി.

അന്നേരം ഒരു കൂട്ടം കുരങ്ങൻമാർ നടന്നു പോകുന്നതു കണ്ടു. അവയ്ക്കു പിന്നാലെ പോയാൽ എന്തെങ്കിലും തിന്നാനെങ്കിലും കിട്ടും എന്നു വിചാരിച്ച് അവൾ അവയ്ക്കൊപ്പം കൂടി. അതിലൊരു കുരങ്ങൻ കാര്യങ്ങൾ ചോദിച്ചു. വിഷമം തോന്നിയ അത് അവളെ അടുത്തദിവസം കാട്ടിനുവെളിയിൽ കൊണ്ടുവിടാമെന്നു പറഞ്ഞു. പക്ഷേ ഇന്നെവിടെ ഉറങ്ങും.

''ഞങ്ങളെ കുരങ്ങു രാജാവ് ഒരു സദ്യയ്ക്കു

വിളിച്ചിരിക്കുകയാ. നീയും കൂടെ പോരൂ. അതു പറഞ്ഞു.

അവിടെ ചെന്നപ്പോൾ കുരങ്ങുരാജാവ് എടുത്ത വായിലേ ചോദിച്ചു. ''ക്ഷണിക്കാതെ വന്ന ഈ മനുഷ്യക്കുട്ടി ആരാണ്?''

''പാവം, ഞങ്ങളുടെ കൂടെ വന്നതാ.'' സഹയാത്രികർ രാജാവിനോടു പറഞ്ഞു.

''ങും..'' കുരങ്ങുരാജാവ് ഒന്ന് അമർത്തിമൂളി. പിന്നൊന്നും പറഞ്ഞില്ല. എന്നാൽ അയാളുടെ നോട്ടം കണ്ടപ്പോൾ തന്നെ പെൺകുട്ടി വിരണ്ടു വല്ലാതായിപ്പോയി.

പിന്നെ രാത്രി മുഴുവൻ കുരങ്ങുകളുടെ നൃത്തവും തീറ്റയും കുടിയുമായിരുന്നു.

എപ്പോഴോ എല്ലാവരും ഉറങ്ങി. ഉറക്കത്തിൽ ഞെട്ടിയെണീറ്റ കുട്ടി കേട്ടത് കുരങ്ങൻരാജാവിന്റെ കൂർക്കംവലി ആയിരുന്നു.

**രാത്രി മുഴുവൻ കുരങ്ങുകളുടെ നൃത്തവും തീറ്റയും കുടിയുമായിരുന്നു. എപ്പോഴോ എല്ലാവരും ഉറങ്ങി. ഉറക്കത്തിൽ ഞെട്ടിയെണീറ്റ കുട്ടി കേട്ടത് കുരങ്ങൻരാജാവിന്റെ കൂർക്കംവലി ആയിരുന്നു. ശ്രദ്ധിച്ചുനോക്കിയപ്പോൾ രാജാവ് മുരളുകയാണ്. "ഞാൻ ഈ പെൺകുട്ടിയെ തിന്നും!" അവൾ ഉറക്കെ കരഞ്ഞു.**

ശ്രദ്ധിച്ചുനോക്കിയപ്പോൾ രാജാവ് മുരളുകയാണ്. ''ഞാൻ ഈ പെൺകുട്ടിയെ തിന്നും!''

അവൾ ഉറക്കെ കരഞ്ഞു. ഞെട്ടിയെണീറ്റ രാജാവ് കാര്യം തിരക്കി

വിവരം മനസ്സിലാക്കിയ കുരങ്ങുരാജാവ് പറഞ്ഞു: ''ഞങ്ങൾ നിങ്ങളെ പോലെ ആരെയും തിന്നുകയുമൊന്നുമില്ല. കൊല്ലുകയുമില്ല. ശല്യപ്പെടുത്താതെ അവിടെയെവിടെയെങ്കിലും കിടന്നുറങ്ങ്.'' രാജാവ് വീണ്ടും കണ്ണടച്ചു കൂർക്കം വലിക്കാൻ തുടങ്ങി. പിന്നെ പെൺകുട്ടിക്ക് ഉറക്കം വന്നതേയില്ല. കുറെക്കഴിഞ്ഞ് നോക്കിയപ്പോൾ ആ കുരങ്ങൻരാജാവിന്റെ സ്ഥാനത്ത് ഒരു കൂറ്റൻ കടുവ കിടന്നുറങ്ങുന്നതായാണ് അവൾക്കു തോന്നിയത്.

നേരം പുലർന്നപ്പോൾ അവൾ സ്വയം പറഞ്ഞു: ''എനിക്കീ കാട്ടിൽ നിൽക്കേണ്ട. എനിക്കിഷ്ടവുമല്ല ഇവിടം''

''ആണോ?'' ഒരു മൃദുശബ്ദം അവൾ കേട്ടു.





അവളെ വഴിയിലാക്കി പോയ പൂമ്പാറ്റയായിരുന്നു.

''ഇവിടെ എല്ലാം വിചിത്രമാണ്. ഓരോന്നും രൂപം മാറിക്കൊണ്ടിരിക്കുന്നു.'' അവൾ മരംകൊത്തിയെയും പക്ഷിയെയും കുരങ്ങു രാജാവിനെയും കടുവയെയും ഓർത്തു പറഞ്ഞു.

പൂമ്പാറ്റ പറഞ്ഞു. ''കാടിന്റെ കാര്യം അങ്ങനെയാണ്. ഇവിടെ എല്ലാം ഇങ്ങനെ മാറിക്കൊണ്ടിരിക്കും. മനുഷ്യരുടെ ലോകം വളരെ ചെറുതാണ്. നിങ്ങൾക്കു ചുറ്റും വേറെ വലിയ ലോകമുണ്ട്. അവിടെയും നിങ്ങളുടെ ലോകത്തിലേതുപോലെ എല്ലാം വേണം എന്നു വിചാരിച്ചാൽ നടക്കുമോ?''

''എനിക്കു വീട്ടിൽ പോണം.'' പെൺകുട്ടി പറഞ്ഞു.

''ഞാൻ കൊണ്ടാക്കാം. എന്റെ പിന്നാലെ വരൂ.'' പൂമ്പാറ്റ പറഞ്ഞു. അതു നൃത്തം ചെയ്തു നീങ്ങാൻ തുടങ്ങി. പെൺകുട്ടി പഴയതു പോലെ പിന്തുടർന്നു.

അപ്പോഴാണ് വലിയ തടസ്സം വന്നത്. മുന്നിൽ വലിയൊരു തടാകം. ഇതു കടന്നാണോ താൻ ഇവിടെയെത്തിയതെന്ന് അവൾ അമ്പരന്നു. ''ഞാൻ ഇതെങ്ങനെ കടക്കും?'' അവൾ ഉറക്കെ ചോദിച്ചു.

''സാരമില്ല. ഞാൻ നിന്നെയൊരു പൂമ്പാറ്റയാക്കാം.'' ശലഭം മാന്ത്രികമായി ചലിച്ചു. എന്നിട്ട് അവളെ സ്പർശിച്ചു.

ഹാ എന്തു രസം! ശലഭമായി മാറിയ അവളുടെ വേഷം പെൺകുട്ടിക്ക് വല്ലാതെ ഇഷ്ടപ്പെട്ടു. ഭാരം കുറഞ്ഞ് ഒരു അപ്പൂപ്പൻതാടി പോലെ അവൾ പറന്നു





യർന്നു.

തടാകം കടന്നെത്തിയ പെൺകുട്ടി ആഹ്ലാദത്തോടെ വിളിച്ചുകൂവി. ''ഞാനൊരു പൂമ്പാറ്റയാണ്.''


പക്ഷേ അപ്പോഴേക്കും പൂമ്പാറ്റ അവളുടെ പഴയ രൂപം തിരിച്ചു കൊടുത്തിരുന്നു. പൂമ്പാറ്റയായിരുന്നാൽ മതി.'' അവൾ കെഞ്ചി.

''അതു ശരിയല്ല. നീ നിന്നെ ഇഷ്ടപ്പെടുന്നവരുടെ അടുത്തേക്കു പോകണം.'' പൂമ്പാറ്റ പറഞ്ഞു.

''സാരമില്ല കൊച്ചേ, നീ ഇത്തിരി നേരമെങ്കിലും ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നല്ലോ. അതുകൊണ്ട് കാടിന്റെ എന്തെങ്കിലും അംശം നിന്നോടൊപ്പം എന്നുമുണ്ടാകും.'' ചിരിച്ചുകൊണ്ട് പൂമ്പാറ്റ പറന്നുമറഞ്ഞു.

പെൺകുട്ടി വീട്ടിലേക്കു നടന്നു. ഹൃദയത്തിൽ ഒരു പൂമ്പാറ്റച്ചിറകും ഒളിച്ചുവച്ചുകൊണ്ട്.

*(കഥയ്ക്കടിസ്ഥാനം ആമസോൺ കാട്ടു പ്രദേശത്തെ നാട്ടുകഥ)*






# മോഡേൺ ടൈംസ്

വിജയകുമാർ ബ്ലാത്തൂർ

**വ്യവസായവിപ്ലവം വരുത്തിയ മാറ്റങ്ങൾ ഹൃദയഹാരിയായി അവതരിപ്പിച്ച ചലച്ചിത്രമാണ് മോഡേൺ ടൈംസ്. ചാർലി ചാപ്ലിന്റെ മികവുറ്റ സിനിമകളിലൊന്നായി ഈ ചിത്രം കരുതപ്പെടുന്നു. യന്ത്രവത്കരിക്കപ്പെട്ട കമ്പനികളിലും മനുഷ്യർ യന്ത്രങ്ങളെപ്പോലെ തന്നെ ജോലി ചെയ്യേണ്ടിവരുന്ന അവസ്ഥ സിനിമയുടെ ഓരോ ഫ്രെയിമിലും കാണാം. യന്ത്രത്തിന്റെ സർവാധിപത്യത്തെ പരിഹസിക്കുന്ന ഈ ചിത്രം അഭിനന്ദനങ്ങളോടൊപ്പം വിമർശനങ്ങളും ഏറ്റുവാങ്ങുകയുമുണ്ടായി.**

ഭീമാകാരമായ ഒരു ക്ലോക്ക്ഡയൽ സ്ക്രീൻ മുഴുവൻ നിറഞ്ഞു നിൽക്കുന്ന ഒരു ദൃശ്യത്തോടെയാണ് ചാർളിചാപ്ലിൻ എന്ന വിശ്വോത്തര സിനിമാസംവിധായകന്റെ 'മോഡേൺ ടൈംസ്' എന്ന ചലച്ചിത്രം ആരംഭിക്കുന്നത്. സമയം ആണ് ആധുനികകാലത്തിന്റെ മുഖംമൂടി. മൂർച്ചയേറിയ വാളിന്റെ രൂപസാദൃശ്യമുള്ള ഘടികാരസൂചി സമയത്തെ കൊന്നുതള്ളി ചലിച്ചുകൊണ്ടിരിക്കുന്നു, വിശ്രമമില്ലാതെ. ഈ ടൈറ്റിൽ ഷോട്ട് വിവരണാതീതമായ ഒരു ഉൾഭയം പ്രേക്ഷകരിലേക്കു കൈമാറുന്നുണ്ട്.

1936 ലാണ് ഈ സിനിമ ചാപ്ലിൻ നിർമിച്ചിരിക്കുന്നത്. വ്യവസായ വിപ്ലവം യന്ത്രവത്കരണത്തിലൂടെ സമ്പന്ന രാജ്യങ്ങളെ കൂടുതൽ സമ്പന്നമാക്കുകയും ചൂഷണവും ലാഭക്കൊതിയും മറ്റിടങ്ങളിൽ സാമ്പത്തികഅസമത്വം രൂക്ഷമാക്കുകയും ചെയ്തു കഴിഞ്ഞിരുന്നവല്ലോ. ആരാലോ ആട്ടിയോടിക്കപ്പെട്ട് തിടുക്കം കൂട്ടി നീങ്ങുന്ന ആട്ടിൻകൂട്ടത്തിന്റെ ദൃശ്യത്തിനോടു തൊട്ടു പിന്നാലെ ഫാക്ടറികളിലേക്കു വേഗത്തിൽ കുതിക്കുന്ന തൊഴിലാളികളുടെ ദൃശ്യമാണ് നാം കാണുന്നത്. കൂടുതൽ ഉത്പാദനം, കൂടുതൽ ലാഭം എന്ന മന്ത്രം മാത്രമാണ് നവമുതലാളിത്തം ഉരുവിടുന്നത്. പ്രതീകമായി നാം കാണുന്നത് *എലക്ട്രോ സ്റ്റീൽ കോർപ്പറേഷൻ* എന്ന ഫാക്ടറിയാണ്. ഭീമാകാര യന്ത്രങ്ങൾ സദാസമയവും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. തൊഴിലാളികൾ ഓരോ ഷിഫ്റ്റുകളിലായി ജോലി തുടരുന്നു. ഒരു നിമിഷം

പോലും ആരെയും വെറുതെ ഇരിക്കാൻ അനുവദിക്കില്ല. വിശ്രമിക്കാനും ഭക്ഷണം കഴിക്കാനും ശുചിമുറിയിൽ പോകാനും നിയന്ത്രണങ്ങൾ. ക്ലോസ് സർക്ക്യൂട്ട് ക്യാമറ സംവിധാനത്തിലൂടെ സർവവും കാണുന്നുണ്ട് കമ്പനിയുടെ പ്രസിഡന്റ് തന്റെ മുറിയിലിരുന്ന്. സമയമാണ് പ്രധാനം.

ഈ ഫാക്ടറിയിലെ സാധാരണ തൊഴിലാളിയുടെ വേഷമാണ് ചാർളി ചാപ്ലിന്റെ കഥാപാത്രം. കൺവെയർ ബെൽറ്റിലൂടെ അവിരാമം നീങ്ങിവരുന്ന യന്ത്രഭാഗങ്ങളുടെ നട്ടുകൾ മുറുക്കുന്ന ജോലി ചെയ്യുകയാണയാൾ. സദാസമയവും സ്പാനർ കൊണ്ട് നട്ടുമുറുക്കുന്ന ഒരേ ജോലി ചെയ്തുകൊണ്ടിരിക്കുന്ന അയാളുടെ കൈകൾ ഒരു യന്ത്രഭാഗം പോലെയായിക്കഴിഞ്ഞു. ജോലി കഴിഞ്ഞാലും പിന്നെയും കൈകൾ സാധാരണ നിലയിലേക്കെത്താൻ സമയമെടുക്കും. ഉത്പാദനം കൂട്ടാനായി ഫാക്ടറി ഉടമയുടെ നിർദ്ദേശപ്രകാരം ബെൽറ്റിന്റെ വേഗത കൂട്ടിക്കൊണ്ടിരുന്നു. ചാപ്ലിനും സഹതൊഴിലാളികളും യന്ത്രങ്ങളെപ്പോലെ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ദൃശ്യവും ആദ്യം നമ്മിൽ ചിരി ഉണർത്തുമെങ്കിലും പതുക്കെ ആ ദൃശ്യങ്ങൾ നൊമ്പരപ്പെടുത്തി തുടങ്ങും. തൊഴിലാളികൾ ഭക്ഷണം കഴിക്കാൻ  കൂടുതൽ സമയം ചിലവാക്കുന്നത് ഒഴിവാക്കാനായി ഭക്ഷണം തീറ്റിക്കുന്ന പുതിയൊരു യന്ത്രം ഫാക്ടറിയിൽ കൊണ്ടുവരുന്നു. അതിന്റെ ആദ്യ പരീക്ഷണം നടത്താനായി തിരഞ്ഞെടുക്കുന്നത് ചാപ്ലിനെയാണ്. സീറ്റിലിരുന്നു തല യന്ത്രത്തിലേക്കു ഘടിപ്പിച്ചാൽ മുന്നിലെ കറങ്ങുന്ന താലത്തിലെ സൂപ്പും വറുത്ത ചോളവും കേക്കും യന്ത്രം വായിലേക്കു നിറച്ചു കൊടുക്കും. ചുണ്ട് തുടച്ചു കൊടുക്കും. പരീ



ക്ഷണത്തിനിടയിൽ യന്ത്രത്തകരാറു വരികയും യന്ത്രം ചാപ്ലിന്റെ വായിലേക്കു തുരുതുരാ കറക്കിയും കുത്തിയും അടിച്ചും ഭക്ഷണം കയറ്റുന്ന ദൃശ്യം കണ്ട് നാമെല്ലാം പൊട്ടിച്ചിരിക്കും.

മുതലാളിത്തത്തിന്റെ നൃശംസതയും അത് മാനുഷിക മൂല്യങ്ങളെ അവഹേളിക്കുന്നതിനെയും തൊഴിലാളിയെ ഒരു ഉത്പാദന സഹായയന്ത്രമായി മാത്രം കണക്കാക്കുന്ന ക്രൂരതയേയും ഇത്രമാത്രം തീവ്രമായി കളിയാക്കുകയാണ് ആ ദൃശ്യമെന്ന് നാം വേഗം തിരിച്ചറിയും.

വിശ്രമരഹിതമായ ആവർത്തന ജോലി ചാപ്ലിന്റെ തൊഴിലാളിയെ മനോവിഭ്രാന്തിയിലെത്തിക്കുന്നു. എവിടെ നട്ട് കണ്ടാലും അതു മുറുക്കാനുള്ള ത്വര. കൈകൾ സദാ സ്പാനർ പിടിച്ചു തിരിക്കുന്നു. ചലനം അനുകരിച്ചു കൊണ്ടേയിരിക്കും. ഒരു ദിവസം അയാൾ ഫാക്ടറിയിലെ ലിവറുകൾ എല്ലാം വലിച്ചു താഴ്ത്തിയും ഉയർത്തിയും ഭ്രാന്താവസ്ഥയുടെ പാരമ്യത്തിലെത്തുന്നു. അവസാനം ആശുപത്രിയിൽ ചികിത്സയിലാകുന്നു. ചികിത്സയ്ക്കുശേഷം മനോസംഘർഷങ്ങൾ കുറച്ചു ശാന്തമായി ജീവി

ക്കാനുള്ള ഡോക്ടറുടെ ഉപദേശവുമായി പുറത്തിറങ്ങുകയാണ് അയാൾ. എങ്ങനെ ജീവിക്കുമെന്നറിയില്ല. ലോകം ഏറെ മാറിക്കഴിഞ്ഞിരിക്കുന്നു. വികസിതരാജ്യങ്ങളെ പിടിച്ചുകുലുക്കിയ 'മഹത്തായ' സാമ്പത്തിക മാന്ദ്യം. തൊഴിൽശാലകൾ അടച്ചു പൂട്ടിയിരിക്കുന്നു. കടുത്ത തൊഴിലില്ലായ്മ-ദാരിദ്ര്യം, നഗരങ്ങളിൽ പ്രതിഷേധത്തിന്റെ അലകൾ. തെരുവിലിനി എന്തു ചെയ്യേണ്ടു എന്നറിയാതെ പകച്ചു നിൽക്കുകയാണാ പാവം. അപ്പോൾ അയാൾക്കു മുന്നിലൂടെ ഒരു തടിലോറി കടന്നു പോകുന്നു. പുറത്തേക്കു നീണ്ടു നിൽക്കുന്ന മരത്തടിയിൽ അപകട സൂചനയ്ക്കായി കെട്ടിയ ചുവന്ന കൊടി താഴെ വീഴുന്നത് അയാൾ കാണുന്നു. അതു തിരിച്ചു നൽകാനായി ലോറിക്കു പിറകെ കൊടിയുമായി ഓടുകയാണ് ചാപ്ലിൻ. ഇതേ സമയം പിറകിൽ ഒരു പ്രതിഷേധജാഥ നടന്നു വരുന്നത് അയാൾ അറിയുന്നില്ല. കൊടിയുമായി മുന്നോട്ടു കുതിക്കുന്ന ചാപ്ലിനെ സമരനേതാവാണെന്നു തെറ്റിദ്ധരിച്ച് പോലീസ് അറസ്റ്റു ചെയ്യുന്നു. കമ്യൂണിസ്റ്റുകാരനെന്നു കുറ്റം ചുമത്തി ജയിലിലടയ്ക്കുന്നു. നിയമത്തിന്റെ ഊരാക്കുടുക്കുകളിൽ സ്വയമറിയാതെ നിരപരാധികൾ എങ്ങനെ പെട്ടു പോകുന്നുവെന്നും ഭരണകൂട സംവിധാനങ്ങൾ കുറ്റാരോപം നടത്തി സമരങ്ങളെ എങ്ങനെയൊക്കെ തച്ചുതകർക്കുന്നുവെന്നും കളിയാക്കുകയാണ് സംവിധായകൻ.



ജയിലിലെ ജീവിതവും സംഭവബഹുലം തന്നെ. സഹതടവുകാരൻ ഒളിപ്പിച്ചു കടത്തിയ മയക്കുമരുന്ന് അബദ്ധത്തിൽ ഭക്ഷണത്തോടൊപ്പം അകത്താക്കുന്നു. അതോടെ മായികാവസ്ഥയിലെത്തുന്നു. കരുത്തും ധൈര്യവും നിറഞ്ഞതായി തോന്നി പെരുമാറിത്തുടങ്ങുന്നു. ഇതിനിടയിൽ ജയിലിലെത്തിയ അക്രമികൾ തങ്ങളുടെ സഹായികളെ മോചിപ്പിച്ച് അധികാരികളെ തടവിലാക്കി രക്ഷപ്പെടാൻ ശ്രമിക്കുന്നുണ്ട്. സ്ഥലകാലബോധമില്ലാത്ത ചാപ്ലിൻ അവിടെയെത്തുകയും മയക്കുമരുന്നിന്റെ സ്വാധീനത്തിൽ ബുദ്ധിശൂന്യമായി തോക്കിനു മുന്നിലേക്കു കുതിച്ചു ചാടുകയും ചെയ്യുന്നു. ഭാഗ്യത്തിന് എല്ലാ അക്രമികളെയും അയാൾക്കു കീഴടക്കാനും ജയിലധികാരികളെ മോചിപ്പിക്കാനും സാധിച്ചു. അതോടെ അയാൾ ജയിലിലെ പ്രിയപ്പെട്ടവനായി. ചാപ്ലിന്റെ സെല്ലിൽ രാജകീയസൗകര്യങ്ങളാണ് പിന്നീടു ലഭിക്കുന്നത്. സുഖജീവിതം. ഇതിനിടയിലാണ് ആ ദുരന്തവാർത്ത ചാപ്ലിൻ അറിയുന്നത്. തന്നെ ജയിലിൽ നിന്നു മോചിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു! പുറത്തിറങ്ങിയ ചാപ്ലിൻ എങ്ങനെയെങ്കിലും തിരിച്ചു ജയിലിലെത്താനുള്ള ശ്രമങ്ങളാണു പിന്നീടു നടത്തുന്നത്.

ഈ സംഭവങ്ങൾക്കു സമാന്തരമായി അനാഥയായ ഒരു പെൺകുട്ടിയുടെ ജീവിതകഥയും നമ്മൾ കാണുന്നുണ്ട്.

അച്ഛൻ തൊഴിൽ സമ രത്തിനിടയിൽ മരിച്ചു പോയ അവൾ അമ്മയി ല്ലാത്ത രണ്ടു കുഞ്ഞനു ജത്തിമാരെ പോറ്റാൻ കഷ്ടപ്പെടുന്നുണ്ട്. ചെറിയ ചെറിയ മോഷണങ്ങളി ലൂടെ ഭക്ഷണം കണ്ടെത്തി തെരുവിലെ മറ്റു കുട്ടിക ളെയും അവൾ പോറ്റു ന്നുണ്ട്. യാദൃച്ഛികമായി പോലീസ് വണ്ടിയിൽ ഇവളെ പരിചയപ്പെടുന്ന ചാപ്ലിൻ ഹൃദയബന്ധം സ്ഥാപിക്കുന്നു. ഇരുവരും ചേർന്ന് ഒരു ജീവിതം സ്വപ്നം കാണുന്നു. പോലീസിന്റെ കൈയിൽ നിന്നും തന്ത്രപൂർവം രക്ഷപ്പെട്ട് ഇരുവരും പലതരം ജോലികൾക്കു ശ്രമിക്കുന്നുണ്ട്. ജയിലിൽ നിന്നു ലഭിച്ച നല്ലപിള്ള ശുപാർശക്കത്തൊന്നും ചാപ്ലിനെ സഹായിക്കു ന്നില്ല. പല അബദ്ധങ്ങളും കിട്ടിയ ജോലികൾ നഷ്ട പ്പെടുത്തുന്നുണ്ട്. കപ്പൽ പ്പണിശാലയിൽ സഹായി ക്കുകയും ഡിപ്പാർട്ട്മെന്റ് സ്റ്റോറിൽ രാത്രി കാവൽ ക്കാരനായും ഒക്കെ ജോലി ചെയ്യുന്നുണ്ട്

അതാതിടങ്ങളിലെ ജീവിതസംഭവങ്ങൾ നമ്മെ ചിരിപ്പിക്കുകയും കൂടെ കരയിപ്പിക്കുകയും ചെയ്യും. അവസാനം ആ പെൺ കുട്ടിക്ക് ഒരു ബാറിൽ ഡാൻസുകാരിയായി ജോലി കിട്ടുന്നു. അവ ളുടെ നിർബന്ധത്തിൽ ചാപ്ലിൻ അവിടെ പരിചാര കനായും പണിയെടു ക്കുന്നു. അവിടെയും പോലീസ് എത്തിയപ്പോൾ ഇരുവരും ഓടി രക്ഷപ്പെ ടുന്നു. വിജനമായ പെരു വഴിയിൽ ഇങ്ങനെ എത്ര നാൾ ഒളിച്ചു ജീവിക്കു മെന്ന പെൺകുട്ടിയുടെ നിരാശ നിറഞ്ഞ ചോദ്യ ത്തിനു ശുഭാപ്തിവിശ്വാസ ത്തോടെ മരണം കീഴടങ്ങ ലാണെന്നും ജീവിതം പൊരുതലാണെന്നും ചാപ്ലിൻ ആശ്വസിപ്പി ക്കുന്നു. പരസ്പരം താങ്ങായി വിജനവിദൂര വഴിയിലൂടെ ഉറച്ച കാൽ വെയ്പ്പുകളോടെ നടന്നു നീങ്ങുന്ന ഇരുവരിലും സിനിമ അവസാനിക്കുന്നു.



സ്വന്തം ബാല്യത്തിലെ ദുരന്താനുഭവങ്ങളൊക്കെയും ചാപ്ലിനെ ഈ സിനിമയുടെ സൃഷ്ടിക്ക് പ്രചോദിപ്പിച്ചിരി ക്കാം. അനാഥത്വത്തിന്റെ കയ്പ്പ് സ്വയം അനുഭവിച്ച ഒരാൾക്കേ ഇത്രയും തീവ്രമായി അതിന്റെ ദുഃഖം അവതരിപ്പിക്കാ നാവൂ.

1926 ൽതന്നെ ശബ്ദ സിനിമ കടന്നുവന്നിട്ടും സിനിമയിൽ സംഭാഷണ ങ്ങൾ അനാവശ്യമാണെന്ന വിശ്വാസത്തിലായിരുന്നു ചാപ്ലിൻ. ഈ സിനിമ യിൽ ശബ്ദം ഉപയോഗി ക്കുന്നുണ്ടെങ്കിലും സംഭാഷണങ്ങൾ ഇല്ല എന്നുതന്നെപ്പറയാം. പക്ഷേ, തനിക്കു പറയാ നുള്ളതെല്ലാം ദൃശ്യങ്ങൾ കൊണ്ട് പരിപൂർണതയിൽ പറഞ്ഞു തീർക്കുന്നുണ്ട് ചാപ്ലിൻ.

മുതലാളിത്തം അതിന്റെ പുതിയ രൂപത്തിലേക്കു പരിഷ്കരിക്കപ്പെട്ടിരി ക്കുന്നു. ഇക്കാലത്തും ഈ സിനിമ അതിന്റെ പ്രസക്തി കൈവിടാതെ സൂക്ഷിച്ചിരിക്കുന്നതു കാണാം. അതുകൊണ്ടു തന്നെ 'മോഡേൺ ടൈംസ്' എന്ന കലാ സൃഷ്ടിയെ മഹത്തായ ക്ലാസിക്സിനിമയായി ലോകം ഇന്നും കൊണ്ടാടുന്നു.



# അമ്മയും കുഞ്ഞും

**(ജാതകകഥ)**

**ചിത്രീകരണം വെങ്കി**

നദിക്കരയിൽ കുളിക്കാൻ വന്നതായിരുന്നു ആ അമ്മ. തന്റെ കുഞ്ഞുമുണ്ട് കൂടെ. കുഞ്ഞിനെ കുളിപ്പിച്ച് കരയ്ക്കിരുത്തിയശേഷം അമ്മയും കുളിക്കാനിറങ്ങി. ആ സമയത്താണ് ഒരു രാക്ഷസി അതുവഴി കടന്നുപോയത്. നദിക്കരയിലിരുന്നു കളിക്കുന്ന കുഞ്ഞിനെക്കണ്ടപ്പോൾ രാക്ഷസിക്കൊരു പൂതി. 'ഇന്നത്തെ ഭക്ഷണത്തിന് ഈ കുഞ്ഞിനെ കിട്ടിയാൽ നന്നായിരുന്നു.'



'കുഞ്ഞിനെ തട്ടിയെടുത്താൽ നാട്ടുകാർ പ്രശ്നമുണ്ടാക്കും. ഒരു തന്ത്രം പ്രയോഗിക്കാം.' രാക്ഷസി കരുതി. രൂപംമാറി ഒരമ്മയുടെ വേഷത്തിൽ രാക്ഷസി കുഞ്ഞിനരികിലെത്തി.



രാക്ഷസി ചോദിച്ചു: 'നല്ല ഓമനത്തമുള്ള കുഞ്ഞ്. നിങ്ങളുടെ മകനാണോ?'

'അതേ.' അമ്മ പറഞ്ഞു.

'കുഞ്ഞിനെ ഞാനൊന്നെടുത്തോട്ടേ?'



അവൾ ചോദിച്ചു. അമ്മയുടെ അനുവാദത്തിനു കാത്തുനിൽക്കാതെ രാക്ഷസി കുഞ്ഞിനെ കൈയിലെടുത്തു, താലോലിച്ചു, ഉമ്മവച്ചു.

കുഞ്ഞിനറിയില്ലല്ലോ രാക്ഷസിയുടെ തന്ത്രങ്ങൾ. അവൻ രാക്ഷസിയോട് പെട്ടെന്നിണങ്ങി. കുഞ്ഞിണങ്ങിയതോടെ രാക്ഷസി തനിസ്വഭാവം കാണിച്ചു. കുഞ്ഞിനെയും കൊണ്ട് ഒറ്റയോട്ടം. നിലവിളിയോടെ അമ്മ പുറകിലും.

'എന്റെ കുഞ്ഞിനെ തായോ..' ഓടുന്നതിനിടയിൽ അമ്മ കരഞ്ഞുപറഞ്ഞു.


'നിന്റെ കുഞ്ഞോ? ഇത് എന്റെ കുഞ്ഞാണ്..' രാക്ഷസിയും വിട്ടുകൊടുത്തില്ല.



അതോടെ വാക്കേറ്റമായി. ആളുകൾ കൂടി. ഇരുവരും ഓട്ടം നിർത്തി. ആർക്കും ഏതാണു ശരി എന്നു പറയാൻ കഴിയുന്നില്ല. അവർ ഇരുവരെയും കുഞ്ഞിനെയും ബോധിസത്വന്റെ അടുത്തെത്തിച്ചു. അദ്ദേഹം ശ്രദ്ധാപൂർവ്വം ഇരുവരുടെയും വാദം കേട്ടു. കാര്യങ്ങൾ ചോദിച്ചുമനസ്സിലാക്കി.

'ഈ പരാതി പെട്ടെന്നു പരിഹരിക്കാവുന്നതേയുള്ളൂ.'







അദ്ദേഹം പറഞ്ഞു.
എന്നിട്ട് നിലത്തൊരു വര വരച്ചു. കുഞ്ഞിനെ ആ വരയിൽ കിടത്തി. കുഞ്ഞിന്റെ ഓരോ കൈയിലും പിടിക്കാൻ അമ്മയോടും രാക്ഷസിയോടും പറഞ്ഞു. എന്നിട്ട് ഏവരും കേൾക്കെ പറഞ്ഞു.



'നിങ്ങൾ മുഴുവൻ ശക്തിയുമെടുത്ത് കുഞ്ഞിനെ വലിച്ചോളൂ. കിട്ടുന്നത് ആർക്കാണോ അയാളുടേതാണ് കുഞ്ഞ്.' ജനങ്ങൾ അമ്പരന്നു. ഇതെന്തു നീതി? എങ്കിലും ബോധിസത്വനായതിനാൽ ആരും മറുത്തൊന്നും പറഞ്ഞില്ല. രാക്ഷസി കുഞ്ഞിനെ വലിക്കാൻ തുടങ്ങി. ആദ്യം മടിച്ചുനിന്നെങ്കിലും കുഞ്ഞിനെ





നഷ്ടപ്പെട്ടാലോ എന്ന ചിന്തയാൽ അമ്മയും കൈയിൽപ്പിടിച്ചു വലിച്ചു. വേദനയെടുത്ത കുഞ്ഞ് കരയാൻ തുടങ്ങി. അതോടെ അമ്മ പിടിവിട്ടു.



'നീയെന്തിനാ വിട്ടുകൊടുത്തത്? കുഞ്ഞിനെ വേണ്ടേ?' ബോധിസത്വൻ ചോദിച്ചു.

'കുഞ്ഞിനു നോവുന്നതും കരയുന്നതും നിങ്ങൾ കാണുന്നില്ലേ? കുഞ്ഞിനെ കിട്ടിയില്ലെങ്കിലും സാരമില്ല അവനെ നോവിക്കാൻ എനിക്കാവില്ല. ' അമ്മ പറഞ്ഞു.

ബോധിസത്വൻ നാട്ടുകാരോടായി ചോദിച്ചു.



'ആരാണ് ശരിയായ അമ്മ?' ഏവരും ഒരുമിച്ച് അമ്മയെ ചൂണ്ടിക്കാണിച്ചു. രാക്ഷസിയെ ആക്രമിക്കാനൊരുങ്ങിയ നാട്ടുകാരെ ബോധിസത്വൻ തടഞ്ഞു. എന്നിട്ടു പറഞ്ഞു.

'ഇവൾ വേഷംമാറി വന്ന രാക്ഷസിയാണ്. കുഞ്ഞിനെ കൊന്നുതിന്നാൻ വേണ്ടിയുള്ള ശ്രമമായിരുന്നു ഇതൊക്കെ.'

രാക്ഷസിക്ക് അദ്ദേഹം മാപ്പുകൊടുത്തു.

'നിരന്തരം തെറ്റുചെയ്യുന്നവരാണ് രാക്ഷസരാവുന്നത്. ഇനിയെങ്കിലും തെറ്റുചെയ്യാതെ ജീവിക്കാൻ നോക്കൂ. അടുത്ത ജന്മത്തിൽ നീ മനുഷ്യനായി ജനിച്ചോളും.'

തെറ്റു ബോധ്യമായ രാക്ഷസി ബോധിസത്വനെ വണങ്ങി പതിയെ കാട്ടിലേക്കു നടന്നു.

കഥ

# ഫെലൂദയുടെ സാഹസങ്ങൾ

**സത്യജിത് റായ്**
**പുനരാഖ്യാനം - എം ചന്ദ്രപ്രകാശ്**

## ഒരു രത്നത്തിന്റെ കഥ

**രണ്ട്**

അല്പനേരം ഏതോ ഓർമകളിൽ മുഴുകിയ ശേഷം കൈലാസ് ചൗധരി ഒരിക്കൽ കൂടി പറഞ്ഞു

''അതെ ആ ക്ഷേത്രത്തിലെ വിഗ്രഹത്തിൽ നിന്നാണ് എനിക്ക് വിലപിടിപ്പുള്ള രത്നം കിട്ടിയത്?''

''താങ്കളായിരിക്കും ആദ്യമായി രത്നം കണ്ടതല്ലേ?''

''അതെയതെ... ഞാൻ തന്നെ!''

''താങ്കൾ നാലുപേരുടെ കാര്യം പറഞ്ഞില്ലേ? ആരൊക്കെയാണവർ?''

''ശരിയാണ് ഞങ്ങൾ നാലുപേരുണ്ടായിരുന്നു. ഒരു അമേരിക്കക്കാരൻ, എന്റെ സുഹൃത്ത് കിശോരിലാൽ, ഒരു പഞ്ചാബി, പിന്നെ എന്റെ ഇരട്ടസഹോദരൻ കേദാർ...''

''സഹോദരനും നായാട്ടു കമ്പമുള്ള ആളാണോ?''

''ങ്ആ... വല്ലപ്പോഴും എന്റെ കൂടെ കൂടാറുണ്ട്... നാലുവർഷമായി അവർ വിദേശത്താണ്. സ്വിറ്റ്സർലാൻഡിൽ...''

''മിസ്റ്റർ ചൗധരി, താങ്കൾക്ക് രത്നം കിട്ടിയതിൽ ആർക്കെങ്കിലും വിരോധമുള്ളതായി തോന്നിയിട്ടുണ്ടോ?''

''ഹേയ്... അങ്ങനെ ആർക്കും വിരോധമുള്ളതായി തോന്നിയിട്ടില്ല. കാരണം അന്നാർക്കും അതിന്റെ മൂല്യം അറിയില്ലായിരുന്നു. പിന്നീട് കൽക്കത്തയിലെ ഒരു രത്നവ്യാപാരിയാണ് ഇതിന്റെ യഥാർത്ഥമൂല്യം തിരിച്ചറിഞ്ഞത്...''

''രത്നം ഇപ്പോൾ എവിടെയാണ്?'' ഫെലൂദ ചോദിച്ചു.

''എന്റെ മുറിയിൽ



വര: ടി ആർ രാജേഷ്

കിടപ്പറയിൽ സൂക്ഷിച്ചിട്ടുണ്ട്.''

''മിസ്റ്റർ ചൗധരി, വളരെ വിലപിടിപ്പുള്ള രത്നമാണതെന്നു താങ്കൾ പറഞ്ഞല്ലോ... അപ്പോൾ അതു സുരക്ഷിതമായ ഒരു സ്ഥലത്തല്ലേ സൂക്ഷിക്കേണ്ടത്. ബാങ്ക് ലോക്കറിലോ മറ്റോ?''

''ശരിയാണ്. ബാങ്ക് ലോക്കറിലായിരുന്നു. അതു ലോക്കറിൽ വെച്ചതിന്റെ പിറ്റേന്ന് എനിക്കൊരു വാഹനാപകടമുണ്ടായി. ഞാൻ കഷ്ടിച്ചു രക്ഷപ്പെടുകയായിരുന്നു. ആ രത്നം കൈവശമില്ലെങ്കിൽ ജീവിതത്തിൽ പലവിധ അപകടങ്ങളും വന്നുചേരുമെന്ന് എനിക്കു മനസ്സിലായി. ഇതെല്ലാം അന്ധവിശ്വാസമാണെന്നു തോന്നാം. എനിക്കെന്തായാലും എന്റെ ജീവൻ വലുതാണല്ലോ. അടുത്ത ദിവസം തന്നെ രത്നം ലോക്കറിൽ നിന്നു തിരിച്ചെടുത്തു.''

ഫെലൂദ തന്റെ നെറ്റിയിൽ തടവി കുറച്ചുനേരം എന്തോ ആലോചിച്ചതിനുശേഷം ചോദിച്ചു.

'' താങ്കളെക്കൂടാതെ ഈ വീട്ടിൽ മറ്റാരൊക്കെയുണ്ട്?''

''നിങ്ങൾ നേരത്തേകണ്ട ആ ചെറുപ്പക്കാരൻ അബനീഷ്, രണ്ടു വേലക്കാർ, വയസ്സായ എന്റെ അച്ഛൻ. പ്രായാധിക്യം കൊണ്ട് നന്നേ വിഷമത്തിലാണ് അച്ഛൻ. കൂടെ എപ്പോഴും ഒരാളുവേണം.''

''താങ്കളുടെ അനന്തിരവൻ അബനീഷിന് എന്താണു ജോലി?''

''അവനു പ്രത്യേകിച്ചു പണിയൊന്നുമില്ല. സ്റ്റാമ്പുശേഖരണമാണു ഹോബി. ഒരു സ്റ്റാമ്പുകട തുടങ്ങണം എന്നൊക്കെ പറയുന്നുണ്ട്.''

ഫെലൂദ ചൗധരിയുടെ കണ്ണുകളിലേക്കു സൂക്ഷിച്ചു നോക്കിക്കൊണ്ടു ചോദിച്ചു: ''ഈ കത്തെഴുതിയ ആളെ ഞാൻ കണ്ടുപിടിക്കണമെന്നു താങ്കൾ ശരിക്കും ആഗ്രഹിക്കുന്നുണ്ടോ?''

ചൗധരി ഒരുതരം കൃത്രിമച്ചിരിയോടെ പറഞ്ഞു, ''നോക്കൂ, മിസ്റ്റർ മിത്തർ, എനിക്കു പ്രായം കൂടുന്നു. അനാവശ്യമായ ടെൻഷനും ഉത്കണ്ഠയും ഒക്കെ ഒഴിവാക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഈ കത്തു കിട്ടിയതുകൊണ്ടുമാത്രമല്ല ഞാൻ താങ്കളെ വിളിച്ചത്. ഇന്നലെ രാത്രി അയാൾ എന്നെ ഫോണിൽ വിളിച്ചു ഭീഷണിപ്പെടുത്തി. പറഞ്ഞ സ്ഥലത്തു പറഞ്ഞ സമയത്തു രത്നം എത്തിച്ചില്ലെങ്കിൽ കൊന്നുകളയുമെന്നാണു ഭീഷണി. പക്ഷേ, ഭീഷണിക്കു വഴങ്ങി വിലപിടിപ്പുള്ള രത്നം കൊടുക്കാൻ ഞാൻ ഒരുക്കമല്ല. മാത്രമല്ല രത്നത്തിന്റെ ശരിക്കുള്ള അവകാശി അയാളാകണമെന്നില്ല. ദുഷ്ടബുദ്ധിയുള്ള ഇത്തരം കള്ളന്മാരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണം. മറ്റുള്ളവർക്കു മാതൃകയാവും വിധം അവർ ശിക്ഷിക്കപ്പെടണം. അതുകൊണ്ടു താങ്കൾ ഇപ്പോൾ തന്നെ പ്രവർത്തിച്ചുതുടങ്ങണം എന്നാണ് എന്റെ അഭിപ്രായം.''

**അതു ലോക്കറിൽ വെച്ചതിന്റെ പിറ്റേന്ന് എനിക്കൊരു വാഹനാപകടമുണ്ടായി. ആ രത്നം കൈവശമില്ലെങ്കിൽ ജീവിതത്തിൽ പലവിധ അപകടങ്ങളും വന്നുചേരുമെന്ന് എനിക്കു മനസ്സിലായി. ഇതെല്ലാം അന്ധവിശ്വാസമാണെന്നു തോന്നാം. എനിക്കെന്തായാലും എന്റെ ജീവൻ വലുതാണല്ലോ. അടുത്ത ദിവസം തന്നെ രത്നം ലോക്കറിൽ നിന്നു തിരിച്ചെടുത്തു.**

''മിസ്റ്റർ ചൗധരി, എനിക്കൊന്നുമാത്രമേ ഇക്കാര്യത്തിൽ ചെയ്യാനുള്ളു. തിങ്കളാഴ്ച ആ കത്തിൽ സൂചിപ്പിച്ച സമയത്തു ഞാൻ വിക്ടോറിയ മെമ്മോറിയലിൽ പോകാം. അയാൾ അവിടെ വരാതിരിക്കില്ല.''

''ഒരുപക്ഷേ അയാളായിരിക്കില്ല വരുന്നത്.'' ചൗധരി അല്പം പരിഭ്രമത്തോടെ പറഞ്ഞു.

''അതു കാര്യമാക്കേണ്ട. അയാളുടെ കൂട്ടത്തിലുള്ള ആരെയെങ്കിലും പിടികൂടാൻ കഴിഞ്ഞാൽ ഈ ഗൂഢാലോചനയ്ക്കു പിന്നിൽ യഥാർത്ഥത്തിൽ ആരാണെന്നു കണ്ടുപിടിക്കാൻ കഴിയും.''

''പക്ഷേ മിത്തർ, നിങ്ങൾ കരുതുന്നതുപോലെ അയാൾ അത്ര നിസ്സാരനായിരിക്കില്ല. ഉദ്ദേശിച്ച സ്ഥലത്തു രത്നം കണ്ടില്ലെങ്കിൽ എന്തു കടുംകൈ ചെയ്യാനും അയാൾ മടിക്കില്ല. പിന്നീട് എന്താണു സംഭവിക്കുന്നതെന്നു ദൈവം തമ്പുരാനു മാത്രമേ അറിയൂ. തിങ്കളാഴ്ചയ്ക്കു മുമ്പേ അയാൾ ആരാണെന്നു കണ്ടുപിടിക്കാൻ കഴിയുമോ? അയാളയച്ച കത്തും വിളിച്ച നമ്പറും നമ്മുടെ പക്കലുണ്ടല്ലോ!''

ഫെലൂദ എഴുന്നേറ്റ് അങ്ങോട്ടുമിങ്ങോട്ടും നടന്നു. കാര്യമായ എന്തെങ്കിലും ആശങ്കകൾ അലട്ടുമ്പോഴാണ് ഫെലൂദ ഇത്തരത്തിൽ അസ്വസ്ഥനാവുന്നത്.

നടത്തം നിർത്തി ചൗധരി യുടെ നേരെ തിരിഞ്ഞ് ഫെലൂദ പറഞ്ഞു: ''നോക്കൂ, മിസ്റ്റർ ചൗധരി, പോലീസിനെയോ കുറ്റാ ന്വേഷകരെയോ അറിയിച്ചാൽ താങ്കളുടെ ജീവൻ തന്നെ അപകടത്തിലാണെന്നാണ് അയാളുടെ മുന്നറിയിപ്പ്. ആ ഭീഷണി നിസ്സാരമായി തള്ളിക്കളയേണ്ടതില്ല. ഈ കേസ് ഞാൻ ഏറ്റെടുത്താലും ഇല്ലെങ്കിലും താങ്കളുടെ ജീവൻ അപകടത്തിലാണ്. അതുകൊണ്ട് താങ്കളാണ് ഒരു തീരുമാനത്തിലെത്തേണ്ടത്. ഈ കേസുമായി ഞാൻ മുന്നോട്ടു പോകണമോ വേണ്ടയോ എന്ന് നിശ്ചയി ക്കേണ്ടത് താങ്കളാണ്''.

ചൗധരിയുടെ മുഖത്തു പരിഭ്രമവും കണ്ണുകളിൽ ഭയവും നിഴലിച്ചു. നെറ്റിയിൽ നിന്നു കവിളിലേക്കൊഴുകിയ വിയർപ്പ് തൂവാലകൊണ്ടു തുടച്ചതിനുശേഷം അയാൾ ഫെലൂദയോടുപറഞ്ഞു:

''നിങ്ങളിൽ എനിക്കു പൂർണ്ണവിശ്വാസമാണ് ഫെലൂദ. താങ്കളെയും സഹോദരനെയും കണ്ടാൽ കുറ്റാന്വേഷകരാണെന്ന് ആരും സംശയിക്കില്ല. ഇതു നമുക്ക് അനുകൂലമായ ഘടകമാണ്. മറ്റൊന്ന് താങ്കളെക്കുറിച്ച് ആളുകൾ ധാരാളം കേട്ടിട്ടുണ്ടെങ്കിലും അധികമാരും കണ്ടുകാണാൻ വഴിയില്ല. ഈ കേസ് താങ്കൾ തന്നെ ഏറ്റെടുക്കണം. നിങ്ങളുടെ പ്രതിഫലത്തുക വേണമെങ്കിൽ മുൻകൂറായി തരാൻ ഞാൻ തയ്യാറാണ്.''

''സന്തോഷം. പക്ഷേ, പോകുന്നതിനുമുമ്പ് എനിക്കാ രത്നമൊന്നു കണ്ടാൽ കൊള്ളാമെന്നുണ്ട്.''

''തീർച്ചയായും.''

ഞങ്ങൾ എഴുന്നേറ്റു. ചൗധരി ഞങ്ങളെ മുകളിലെ മുറിയിലേക്കു കൊണ്ടുപോയി. കോണിപ്പടി ചെന്നെത്തുന്നത് ഇരുവശത്തും പത്തുവീതം മുറികളുള്ള ഒരു നീണ്ട ഇടനാഴിയിലേക്കാണ്. മുറിക ളെല്ലാം പൂട്ടിയിട്ട നിലയിലാ യിരുന്നു. സൂചി വീണാൽ കേൾക്കാവുന്ന നിശ്ശബ്ദത അവിടെ നിറഞ്ഞിരുന്നു. എനിക്ക് അസ്വസ്ഥത അനുഭവപ്പെട്ടു. ചൗധരിയുടെ കൊട്ടാരസദൃശ്യമായ ആ വീട് ഒരു പ്രേതഗൃഹമാ ണെന്ന് എനിക്കു തോന്നി. ഇടനാഴിയുടെ വലതു വശത്തെ മുറികളിൽ അവ സാനത്തേതു ചൗധരിയുടെ മുറിയാണ്. ഞങ്ങൾ മുന്നോട്ടുനടന്നു. ഇടനാഴി യുടെ മധ്യത്തിലെത്തിയ പ്പോൾ ഒരു മുറിയുടെ വാതിൽ അൽപ്പം തുറന്നിരി ക്കുന്നതു ഞാൻ കണ്ടു. കണ്ണുകളുടെ തിളക്കം നഷ്ട മായ ഒരു വൃദ്ധൻ വിടവിലൂടെ എത്തിനോക്കുന്നുണ്ടായിരുന്നു. മരിച്ച ഒരാളുടേതുപോലെ നിർജീവമായിരുന്നു അയാ ളുടെ കണ്ണുകൾ. വിളറിയ മുഖത്തു ഭയം കൂടുകൂട്ടിയിരുന്നു. ഞങ്ങൾ അടുത്തെത്തിയപ്പോൾ ഒരു വികൃതശബ്ദത്തോടെ അയാൾ ഞങ്ങളെ തുറിച്ചുനോക്കി. ഇത്തവണ ഞാൻ ശരിക്കും ഞെട്ടി. ആരെയോ കഠിനമായി ഭയക്കുന്നതുപോലെയായിരുന്നു ആ തുറിച്ചുനോട്ടം!

''അതെന്റെ അച്ഛനാണ്. അദ്ദേഹത്തിനു തീരെ സുഖമില്ലെന്നു ഞാൻ പറ ഞ്ഞല്ലോ. ജനലിലൂടെയും വാതിൽപ്പഴുതിലൂടെയും മറ്റും ഒളിഞ്ഞു നോക്കുക അച്ഛന്റെ ശീലമാണ്. തനിക്ക് ആരുമില്ല എന്ന തോന്നലുള്ളതുകൊണ്ടാണു ഭയപ്പെടുത്തുന്ന രീതിയിൽ ഇങ്ങനെ തുറിച്ചുനോക്കുന്നത്. ഒരുപാടു ചികിത്സിച്ചു. പക്ഷേ അസുഖത്തിനു കുറവൊന്നുമില്ല.'' ചൗധരി പറഞ്ഞു.

കിടപ്പുമുറിയിലെ കട്ടിലി നരികിലുള്ള ചില്ലലമാരയിൽ നിന്നു ചൗധരി ഒരു നീലപ്പെട്ടി പുറത്തെടുത്തു.

''രത്നം സൂക്ഷിക്കാൻ വേണ്ടി മാത്രമാണു ഞാനിതു വാങ്ങിയത്.'' പെട്ടി തുറക്കുന്നതിനിടയിൽ ചൗധരി പറഞ്ഞു. അതിൽ നിന്നു പച്ച കലർന്ന നീല നിറമുള്ള ഒരു കല്ല് അയാൾ പുറത്തെടുത്തു.

''കണ്ടില്ലേ, ഇതു ഗോമേദ കമാണ്. ബ്രസീലിലാണ് ഇതു സാധാരണ കണ്ടു വരുന്നത്. ഇത്രയും വലിപ്പമുള്ളവ നമ്മുടെ രാജ്യത്ത് കാണാറില്ല.''

ഫെലൂദ രത്നം കൈയിലെടുത്തു പരിശോ ധിച്ചിട്ടു ചൗധരിക്കു തിരിച്ചു കൊടുത്തു. അതു പഴയ സ്ഥലത്തുതന്നെ വച്ചിട്ട്

നിങ്ങളിൽ എനിക്കു പൂർണ്ണവിശ്വാസമാണ് ഫെലൂദ. താങ്കളെയും സഹോദരനെയും കണ്ടാൽ കുറ്റാന്വേഷ കരാണെന്ന് ആരും സംശയിക്കില്ല. മറ്റൊന്ന് താങ്കളെ ക്കുറിച്ച് ആളുകൾ ധാരാളം കേട്ടിട്ടുണ്ടെങ്കിലും അധിക മാരും കണ്ടുകാണാൻ വഴിയില്ല. ഈ കേസ് താങ്കൾ തന്നെ ഏറ്റെടുക്കണം. നിങ്ങളുടെ പ്രതിഫലത്തുക വേണമെങ്കിൽ മുൻകൂറായി തരാൻ ഞാൻ തയ്യാറാണ്.

മേശപ്പുറത്തുണ്ടായിരുന്ന കൈസഞ്ചിയിൽനിന്നു കുറച്ചുപണമെടുത്തു ഫെലൂദയ്ക്കു നൽകി.

''ഇതാ മുൻകൂറായി കുറച്ചുപണം. ബാക്കി ഓപ്പറേഷൻ വിജയിച്ചതിനു ശേഷം.''

''നന്ദി, മിസ്റ്റർ ചൗധരി.'' ഫെലുദ പറഞ്ഞു.

''താങ്കൾക്കു കിട്ടിയ ആ കത്ത് എനിക്കു വേണം. പിന്നെ നിങ്ങളുടെ അനന്തിരവൻ അബിനീഷിനോട് എനിക്കു കുറച്ചു കാര്യങ്ങൾ ചോദിച്ചറിയാനുണ്ട്.''

ഞങ്ങൾ താഴെ സ്വീകരണ മുറിയിലെത്തിയപ്പോൾ പെട്ടെന്ന് ഫോൺ ബെല്ലടിച്ചു. ചൗധരി ധൃതിയിൽ ഫോൺ റിസീവർ കൈയിലെടുത്തു. ''ഹലോ..'' എന്നു മാത്രമേ അയാൾ ശബ്ദിച്ചുള്ളൂ. അയാളുടെ മുഖം വിളറുന്നതു കാണാമായിരുന്നു.

ഫോൺ തിരികെ ക്രാഡിലിൽ വച്ചിട്ട് അല്പ നേരം ചൗധരി നിശ്ശബ്ദനായി ഇരുന്നു. അയാളുടെ മുഖം കടലാസുപോലെ വിളറി വെളുത്തിരുന്നു.

''ആരാ... എന്തുണ്ടായി?'' ഫെലൂദ ചോദിച്ചു.

''അത്... അയാൾ തന്നെ...'' ചൗധരി വിറയ്ക്കുന്ന സ്വരത്തിൽ പറഞ്ഞു.

''എന്താണ് അയാൾ പറഞ്ഞത്?''

''പഴയ അതേ ഭീഷണി!''

''മറ്റെന്തെങ്കിലും അയാൾ പറഞ്ഞോ?''

''ഇല്ല. ഇപ്പോൾ ഈ കേസ്സ് ഏറ്റെടുക്കേണ്ടിയിരുന്നില്ല എന്നു മിസ്റ്റർ മിത്തറിനു തോന്നുന്നുണ്ടോ?''

ഹേയ്... ഒരിക്കലുമില്ല. നമ്മൾ മുന്നോട്ടു പോകുന്നു.'' ഫെലൂദ പുഞ്ചിരിച്ചു.

ഞങ്ങൾ അബനീഷ് ബാബുവിന്റെ മുറിയിലേക്കു പോയി. അയാൾ ഒരു ഭൂതക്കണ്ണാടിയിലൂടെ എന്തൊക്കെയോ പരിശോധിക്കുകയായിരുന്നു. ഞങ്ങളെ കണ്ടപ്പോൾ അയാൾ അതു മറച്ചുപിടിച്ചു.

''അകത്തേക്കു വരൂ.'' അബിനീഷ് ബാബു ഞങ്ങളെ ക്ഷണിച്ചു.

''സ്റ്റാമ്പുശേഖരണമാണ് ഇഷ്ടവിനോദം. അല്ലേ?'' ഫെലൂദ ചോദിച്ചു.

''അതെ സാർ, അതു മാത്രമാണ് ജീവിതത്തിലെ ഒരേയൊരു ലക്ഷ്യവും സന്തോഷവും. ഉറങ്ങുമ്പോഴും ഉണ്ണുമ്പോഴും അതിനെക്കുറിച്ചു മാത്രമാണ് എന്റെ ചിന്ത.''

''എല്ലാ രാജ്യങ്ങളുടെ സ്റ്റാമ്പുകളും ശേഖരിക്കാറുണ്ടോ?'' ഫെലൂദ ചോദിച്ചു.

''ഉണ്ട് സാർ... ഇപ്പോൾ എനിക്കു കൂടുതൽ താത്പര്യം ഇന്ത്യൻ സ്റ്റാമ്പുകളോടാണ്. അതിനായി പഴയ ഒരുപാടു കത്തുകൾ തെരയണം.''

''എന്തെങ്കിലും പുതുമയുള്ള സ്റ്റാമ്പു കിട്ടിയോ?''

''കിട്ടി. അല്ല, താങ്കൾക്ക് ഇതിൽ താത്പര്യമുണ്ടോ?''

''ങ്ആ... പണ്ട് എനിക്കു വലിയ കമ്പമായിരുന്നു. കേപ് ഒഫ് ഗുഡ്ഹോപ്പിലെ 'ഒരു പെന്നി സ്റ്റാമ്പി'നെക്കുറിച്ചും മൗറീഷ്യയിലെയും ബ്രിട്ടീഷ് ഹയാനയിലെയും 'രണ്ടു പെന്നി സ്റ്റാമ്പു'കളെക്കുറിച്ചും അബനീഷ് ബാബു കേട്ടിട്ടുണ്ടോ? പത്തു വർഷങ്ങൾക്കുമുമ്പ് അതിന്റെ വില ഒരുലക്ഷം രൂപയോളം വരുമായിരുന്നു. ഇപ്പോൾ അതിന്റെ ഇരട്ടിയായിക്കാണും.''

അബനീഷ്ബാബുവിന്റെ ഉത്സാഹം വർധിച്ചു. ''താങ്കൾക്ക് ഈ വിഷയത്തിൽ നല്ല അറിവുണ്ടല്ലോ. ഞാനൊരു കാര്യം കാണിക്കാം.'' അതുവരെ മറച്ചുവച്ചിരുന്ന സാധനത്തിൽനിന്ന് അയാൾ ഒരു സ്റ്റാമ്പ് കൈമാറി. വളരെ പഴക്കം ചെന്ന സ്റ്റാമ്പായിരുന്നു അത്! ശരിക്കുള്ള നിറം പച്ചയായിരുന്നുവെങ്കിലും കാലപ്പഴക്കം കൊണ്ടു നിറം മങ്ങിയിരുന്നു.

ങ്ആ... പണ്ട് എനിക്കു വലിയ കമ്പമായിരുന്നു. കേപ് ഒഫ് ഗുഡ്ഹോപ്പിലെ 'ഒരു പെന്നി സ്റ്റാമ്പി'നെക്കുറിച്ചും മൗറീഷ്യയിലെയും ബ്രിട്ടീഷ് ഹയാനയിലെയും 'രണ്ടു പെന്നി സ്റ്റാമ്പു'കളെക്കുറിച്ചും അബനീഷ് ബാബു കേട്ടിട്ടുണ്ടോ? പത്തു വർഷങ്ങൾക്കുമുമ്പ് അതിന്റെ വില ഒരുലക്ഷം രൂപയോളം വരുമായിരുന്നു. ഇപ്പോൾ അതിന്റെ ഇരട്ടിയായിക്കാണും.

''എന്തെങ്കിലും കാണാൻ കഴിയുന്നുണ്ടോ സാർ?'' അബനീഷ്ബാബു ചോദിച്ചു.

''ഏതാണ്ടു നൂറുവർഷം പഴക്കമുള്ള ഇന്ത്യൻ സ്റ്റാമ്പാണിത്! ഇതിൽ വിക്ടോറിയ രാജ്ഞിയുടെ തലയുടെ ചിത്രമാണ് ആലേഖനം ചെയ്തിരിക്കുന്നത്. ഇതുപോലുള്ള സ്റ്റാമ്പുകൾ ഞാൻ മുമ്പും കണ്ടിട്ടുണ്ട്.''

''ഈ ഭൂതക്കണ്ണാടിയിലൂടെ ഒന്നുകൂടി നോക്കാമോ?'' അയാൾ ചോദിച്ചു.

''പിന്നെന്താ.'' ഫെലൂദ ഭൂതക്കണ്ണാടിയിലൂടെ നോക്കി.

''ഇപ്പോൾ എന്തെങ്കിലും

പുതുതായി ശ്രദ്ധയിൽപ്പെട്ടോ?'' അബനീഷ് ബാബു ആകാംക്ഷയോടെ ചോദിച്ചു.

''ഉവ്വ്. ഒരു അച്ചടിപ്പിശകുണ്ട്!''

''അതുതന്നെയാണ് സാർ ഞാൻ ചോദിച്ചത്!'' കളിപ്പാട്ടം കിട്ടിയ കുട്ടിയെപ്പോലെ അയാളുടെ ശബ്ദത്തിൽ സന്തോഷം പ്രകടമായിരുന്നു.

''ശരിക്കുള്ള വാക്കു പോസ്റ്റേജ് എന്നാണല്ലോ. ഇവിടെ 'ജി' ക്കു പകരം 'സി' എന്നാണ് അച്ചടിച്ചിരിക്കുന്നത്.'' ഫെലൂദ പറഞ്ഞു.

''ഈ സ്റ്റാമ്പിന്റെ വില എത്രയെന്നു താങ്കൾക്ക് അറിയാമോ?''

''എത്രയാണ്?''

''ഇരുപതിനായിരം രൂപ!''

''ഹെന്ത്???'' ഫെലൂദ അത്ഭുതപ്പെട്ടു.

''അതെ സാർ യു കെയിലെ ഔദ്യോഗിക രേഖകളുമായി ഞാനിതൊത്തു നോക്കി. കാറ്റലോഗിൽ ഈ തെറ്റ് കാണാനില്ല. താങ്കൾക്കറിയാമോ ഞാനാണ് ഈ തെറ്റ് ആദ്യമായി കണ്ടത്!''

''ആണോ? അനുമോദനങ്ങൾ! അബനീഷ് ബാബു, സ്റ്റാമ്പുകളുടെ കാര്യം തത്ക്കാലം അവിടെയിരിക്കട്ടെ. എനിക്കു നിങ്ങളോടു ഗൗരവമുള്ള മറ്റു ചില സംഗതികൾ ചോദിച്ചറിയാനുണ്ട്.''

''അതെന്താണു സാർ?''

''നിങ്ങളുടെ അമ്മാവൻ കൈലാസ് ചൗധരിയുടെ പക്കൽ അമൂല്യമായ ഒരു രത്നമുള്ളതായി താങ്കൾക്കറിയാമോ?'' ഫെലൂദ വളച്ചുകെട്ടാതെ കാര്യത്തിലേക്കു കടന്നു.

കുറച്ചുനേരം എന്തോ ആലോചിച്ചതിനുശേഷം അബനീഷ് ബാബു പറഞ്ഞു.

രണ്ടുമൂന്നു ദിവസമായിക്കാണും. ഞാൻ എന്റെ പുതിയ സ്റ്റാമ്പുകളെക്കുറിച്ചു പറഞ്ഞു. മുമ്പൊക്കെ ഞാൻ പറയുന്ന കാര്യത്തിൽ വലിയ താത്പര്യം കാണിക്കാറുണ്ടായിരുന്നു അദ്ദേഹം. ഇത്തവണ അതുണ്ടായില്ല എന്നു മാത്രമല്ല, എന്റെ നേരെഅനാവശ്യമായി കയർക്കുകകൂടി ചെയ്തു. അദ്ദേഹത്തിന്റെ പഴയ ശീലങ്ങളിലും കാര്യമായ മാറ്റമുണ്ട്.'

''അറിയാം സാർ. ഞാനതിനെക്കുറിച്ച് കേട്ടിട്ടുണ്ട്. അതിന്റെ വിലയൊന്നും എനിക്കറിയില്ല. സ്റ്റാമ്പുശേഖരണത്തിൽ മാത്രം ശ്രദ്ധിക്കുന്നതുകൊണ്ട് അതിനെക്കുറിച്ചറിയാൻ ഞാൻ ശ്രമിച്ചിട്ടുമില്ല.''

''നിങ്ങൾ ഇവിടെ താമസിക്കാൻ തുടങ്ങിയിട്ട് എത്ര കാലമായി?''

''ഏതാണ്ട് അഞ്ചു വർഷമായിക്കാണും.''

''അമ്മാവനുമായി നല്ല അടുപ്പത്തിലാണോ?''

''എനിക്കു രണ്ട് അമ്മാവൻമാരുണ്ട്. ഒരാൾ വിദേശത്താണ്. ആരെയാണു താങ്കൾ ഉദ്ദേശിക്കുന്നത്?''

''കൈലാസ് ചൗധരിയുടെ കാര്യമാണു ഞാൻ ചോദിച്ചത്?''

''അദ്ദേഹം വളരെ നല്ലവനാണു സാർ... പക്ഷേ...''

അയാൾ പെട്ടെന്നു നിർത്തി.

''എന്താ?''

അബനീഷ് ബാബു നെറ്റിചുളിച്ചു. അയാളുടെ അല്പം വലിയ മൂക്ക് ചെറുതായി വിറയ്ക്കുന്നുണ്ടായിരുന്നു.

''അത് സാർ... കഴിഞ്ഞ കുറെ ദിവസങ്ങളായി അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ചില മാറ്റങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്!''

''അതെന്താ അങ്ങനെ തോന്നാൻ? എന്നാണു നിങ്ങളതു ശ്രദ്ധിച്ചത്?''

''രണ്ടുമൂന്നു ദിവസമായിക്കാണും. ഞാൻ എന്റെ പുതിയ സ്റ്റാമ്പുകളെക്കുറിച്ചു പറഞ്ഞു. മുമ്പൊക്കെ ഞാൻ പറയുന്ന കാര്യത്തിൽ വലിയ താത്പര്യം കാണിക്കാറുണ്ടായിരുന്നു അദ്ദേഹം. ഇത്തവണ അതുണ്ടായില്ല എന്നു മാത്രമല്ല, എന്റെ നേരെ അനാവശ്യമായി കയർക്കുക കൂടി ചെയ്തു. അദ്ദേഹത്തിന്റെ പഴയ ശീലങ്ങളിലും കാര്യമായ മാറ്റമുണ്ട്.''

''എന്തൊക്കെ മാറ്റങ്ങൾ?''

''എല്ലാ ദിവസവും പ്രഭാതഭക്ഷണത്തിനുമുമ്പ് അദ്ദേഹം പൂന്തോട്ടത്തിൽ നടക്കുക പതിവായിരുന്നു. കഴിഞ്ഞ രണ്ടുമൂന്നു ദിവസങ്ങളായി അതില്ല. രാത്രി തീരെ ഉറക്കമില്ലെന്നു തോന്നുന്നു. രാവിലെ വളരെ വൈകിയാണ് എഴുന്നേൽക്കുന്നത്.''

''അദ്ദേഹത്തിന് ഉറക്കമില്ലെന്ന് അബനീഷ് ബാബുവിന് എങ്ങനെ മനസ്സിലായി?''

''അത്, എന്റെ ബെഡ്റൂം താഴെയാണ്. അമ്മാവൻ കിടക്കുന്ന മുറി എന്റെ റൂമിന്റെ നേരെ മുകളിലാണ്. സ്റ്റാമ്പുശേഖരണം ഉള്ളതുകൊണ്ട് ഞാൻ വളരെ വൈകിയാണ് ഉറങ്ങാറ്. അർദ്ധരാത്രി കഴിഞ്ഞിട്ടും അദ്ദേഹം മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നത് എനിക്കു കേൾക്കാം. ആരോടോ തർക്കിക്കുന്നത് പലപ്പോഴും ഞാൻ കേട്ടിട്ടുണ്ട്!''

''തർക്കമോ, ആരോട്?''



"അതിപ്പോ അപ്പൂപ്പനോ ടാകാം... അല്ലാതെ മറ്റാരാ അവിടെയുള്ളേ? ഒരുദിവസം ശബ്ദംകേട്ട് ഞാൻ മുകളി ലോട്ടു ചെന്നപ്പോൾ അദ്ദേഹം ഒരു തോക്കുമായി മച്ചിൽ നിന്നും ഇറങ്ങി വരുന്നതു കണ്ടു."

"അപ്പോൾ ഏകദേശം എത്രമണിയായിക്കാണും.... ഓർമയുണ്ടോ?"

"അത്. ഓർത്തുനോക്കട്ടെ സർ, ങ് ആ... ഒരു രണ്ടു മണി ആയിക്കാണും."

"മച്ചിലെന്താ അമ്മാവനു നട്ടപ്പാതിരയ്ക്കു പരിപാടി?"

"അതറിയില്ല സാർ, അവിടെ ഒരു ചെറിയ മുറി യുണ്ട്. പഴയ പത്രങ്ങളും കത്തുകളും മറ്റും കൂട്ടിയിട്ടിരി ക്കുകയായിരുന്നു. കഴിഞ്ഞ മാസം ഞാനതെല്ലാം എടുത്തുമാറ്റി."

ഫെലൂദ എഴുന്നേറ്റു. കൂടുതലൊന്നും ചോദിക്കാനില്ലെന്ന് എനിക്കു മനസ്സിലായി.

"ഇതൊക്കെ താങ്കൾ എന്നോടു ചോദിച്ചത്?"

അബനീഷ് ബാബു ചോദിച്ചു.

ഫെലൂദ പുഞ്ചിരിച്ചു കൊണ്ടു പറഞ്ഞു:

"നിങ്ങളുടെ അമ്മാവൻ നല്ല അവസ്ഥയിലല്ല. ആരോ അദ്ദേഹത്തെ കൊന്നുകളയു മെന്ന് ഭീഷണിപ്പെടുത്തി യിട്ടുണ്ട്. പേടിക്കാനൊന്നു മില്ല. എല്ലാം ശരിയാകും. പിന്നീടൊരിക്കൽ ഞാൻ താങ്കളുടെ സ്റ്റാമ്പുശേഖരം വിശദമായി കണ്ടോളാം!"

ചൗധരിയോടു യാത്രപറയാൻ ഞങ്ങൾ സ്വീകരണമുറിയിലേക്കു പോയി.

അയാളുടെ കരം ഗ്രഹിച്ചു കൊണ്ട് ഫെലൂദ പറഞ്ഞു: "മിസ്റ്റർ ചൗധരി, താങ്കൾ ഒന്നുകൊണ്ടും ഭയപ്പെടേണ്ട. എല്ലാ കാര്യവും എനിക്കു വിട്ടുതരൂ. രാത്രിയിൽ നന്നായി ഉറങ്ങൂ.

അസമയത്തു മച്ചിൻ പുറത്തൊന്നും ഒറ്റയ്ക്കു പോകരുത്. എവിടെയാണ് അപകടം പതിയിരിക്കുന്ന തെന്നു നമുക്കറിയില്ലല്ലോ?"

"എനിക്ക് എന്തെങ്കിലും അപകടം സംഭവിക്കുമോ? ഒരുദിവസം രാത്രി ഞാൻ മച്ചിൻപുറത്തേക്കു പോയി എന്നതു ശരിയാണ്. സ്വരക്ഷയ്ക്കായി തോക്കുമെടുത്തിരുന്നു."

"താങ്കൾ തോക്കു നന്നായി ഉപയോഗിക്കുമോ?"

"ഉവ്വ്. പക്ഷേ മാനസിക പിരിമുറുക്കവും ഉത്കണ്ഠ യും കൂടിയാൽ ഉന്നം പിഴയ്ക്കും. ഈ കേസു പെട്ടെന്ന് തെളിയിക്കാൻ കഴിഞ്ഞില്ലെങ്കിൽ എനിക്കെ ന്താണു സംഭവിക്കുക എന്നു ദൈവത്തിനു മാത്രമേ അറിയൂ."

ഭയസംഭ്രമത്താൽ തീർത്തും വികൃതമായിരുന്നു അപ്പോൾ ചൗധരിയുടെ ശബ്ദം!

*(തുടരും)*

# മഹാഭാരതം

സുഗതകുമാരി

# ധർമ്മപരീക്ഷണം

കുറച്ചുമാസങ്ങൾ കഴിഞ്ഞപ്പോൾ കാമ്യകവനം വെടിഞ്ഞ് പാണ്ഡവന്മാർ വീണ്ടും ദ്വൈതവനത്തിലേക്കു പോയി. അവിടെ വസിക്കുമ്പോൾ ഒരു സംഭവമുണ്ടായി. ഒരു ബ്രാഹ്മണന്റെ അരണിക്കോലുകൾ (തീയുണ്ടാക്കാനായി തമ്മിൽ ഉരസുന്ന പ്രത്യേകതരം മരക്കഷണങ്ങൾ) അവയിൽ വന്നു കൊമ്പുകളുരസിയ ഒരു മാനിന്റെ കൊമ്പുകൾക്കിടയിൽ കുടുങ്ങി. പരിഭ്രമിച്ച മാൻ അരണിക്കോലുകളുമായി ഓടിപ്പോയി. അഗ്നിഹോത്രത്തിനു തീയുണ്ടാക്കാൻ വഴിയില്ലാതെ ഖിന്നനായ ബ്രാഹ്മണൻ പാണ്ഡവരെ സമീപിച്ച് തന്റെ അരണിക്കോലുകൾ വീണ്ടെടുത്തുതരണമേ എന്നപേക്ഷിച്ചു. പാണ്ഡവർ അഞ്ചും മാനിനെത്തേടി പുറപ്പെട്ടു. എത്രശ്രമിച്ചിട്ടും മാനിനെകിട്ടാതെ തളർന്ന അവർ ഒരു മരച്ചുവട്ടിലിരുന്നു വിശ്രമിക്കുമ്പോൾ നകുലൻ വിഷാദത്തോടെ ചോദിച്ചു. 'നമ്മുടെ വംശത്തിൽ ധർമം ക്ഷയിക്കാറില്ല. ഐശ്വര്യം കുറയാറില്ല. എങ്കിലും നാമിങ്ങനെ കഷ്ടപ്പെടുന്നതെന്തുകൊണ്ട്?'

ഭീമൻ പറഞ്ഞു. 'ആ പ്രാതികാമിയെന്ന ദുര്യോധനകിങ്കരൻ കൃഷ്ണയെ സഭയിൽ കയറ്റാൻ തിരിക്കുമ്പോൾത്തന്നെ ഞാനവനെ അടിച്ചുകൊല്ലണമായിരുന്നു. അതു ചെയ്യാത്തതത്രേ നമുക്കീ കഷ്ടപ്പാട്.'

അർജുനൻ പറഞ്ഞു. 'നീചനും ക്രൂരനുമായ കർണന്റെ അസ്ഥിപിളർക്കും വിധമുള്ള അന്നത്തെ വാക്കുകൾ ഞാൻ ക്ഷമിച്ചുകേട്ടുനിന്നു. അതിനാലത്രേ നമുക്കീ കഷ്ടപ്പാട്.' സഹദേവൻ പറഞ്ഞു. 'ജ്യേഷ്ഠാ, അങ്ങയെ കള്ളച്ചൂതിൽ ശകുനി തോൽപ്പിച്ച ആ നിമിഷത്തിൽ ഞാനവനെ കൊല്ലണമായിരുന്നു. അതിനാലത്രേ ഈ കഷ്ടപ്പാട്.' യുധിഷ്ഠിരൻ ശാന്തനായ നകുലനോടു പറഞ്ഞു. 'നകുലാ, നിന്റെ സഹോദരന്മാർ ദാഹിച്ചു തളർന്നിരിക്കുന്നു. നീ ആ മരത്തിൽകയറി ചുറ്റുംനോക്കൂ. ജലത്തിന്റെ ലക്ഷണം എവിടെയെങ്കിലുമുണ്ടോ എന്നറിയൂ.' അപ്രകാരം നകുലൻ ഒരു വൻമരത്തിനു മുകളിൽ കയറി ചുറ്റും നോക്കിയിട്ടു പറഞ്ഞു. 'ജ്യേഷ്ഠാ, തടാകതീരത്തു വളരുന്നതരം വൃക്ഷങ്ങൾ അതാ ദൂരത്തു കാണുന്നു. ഹംസങ്ങളുടെ കൂജനവും കേൾക്കുന്നു. അവിടെ ജലമുണ്ടെന്നു തീർച്ച!'

'നന്ന്. നീ തന്നെ ചെന്ന് ആവനാഴിയിൽ വെള്ളം കൊണ്ടുവരൂ.' എന്നു യുധിഷ്ഠിരൻ പറഞ്ഞതുകേട്ട് നകുലൻ സരസ്സെവിടെയെന്നു തിരക്കി തിടുക്കത്തിൽ പോയി. അടയാളങ്ങൾ നോക്കിനോക്കിച്ചെന്ന് ജലപ്പക്ഷികൾ ക്രീഡിക്കുന്ന ഒരു നിർമലമായ കാനനപ്പൊയ്കയുടെ തീരത്തെത്തി. ഓടിച്ചെന്നു ജലത്തിലിറങ്ങി ഇരുകൈകൊണ്ടും വെള്ളം കോരിക്കുടിക്കാൻ തുടങ്ങിയപ്പോൾ പെട്ടെന്നൊരു ശബ്ദംകേട്ടു. 'അരുത്, തൊടരുത്! എന്റെ പൂർവസ്വത്താണ് ഈ തടാകം. ഞാൻ ചോദിക്കുന്ന ചോദ്യത്തിന് ഉത്തരം നൽകിയിട്ട് ജലം കുടിക്കുകയും കൊണ്ടുപോവുകയും ചെയ്യാം.' എന്നൊരു ശാസന കേട്ടു. ആരെയും കാണാനില്ല. ആ വാക്കുകൾ വകവെയ്ക്കാതെ ജലം കോരിക്കുടിച്ചയുടൻ നകുലൻ അവടെത്തന്നെ വീണുപോയി.

കുറെനേരം കഴിഞ്ഞിട്ടും അനുജനെ കാണാഞ്ഞ് യുധിഷ്ഠിരൻ പറഞ്ഞു. 'സഹദേവാ, നിന്റെ ജ്യേഷ്ഠനെന്താണിത്ര വൈകുന്നത്! ചെന്നു നോക്കിവരൂ, അവനെയുംകൂട്ടി വെള്ളവും കൊണ്ടുവരുക.'

സഹദേവനും അന്വേഷിച്ചുചെന്ന് സര

**തളർന്നു വിവശനായ അർജുനൻ ദാഹാർത്തനായി വെള്ളത്തിലിറങ്ങിയപ്പോൾ അതാ ഒരു മുഴങ്ങുന്ന ശബ്ദം. 'നിന്റെ ബലംകൊണ്ടു നേടാവുന്നതല്ലായിത്! ' ക്രുദ്ധനായ പാർഥൻ ചോദിച്ചു. 'ആരാണു നീ? ഒളിച്ചുനിന്നു ഭീഷണിപ്പെടുത്തുന്നവൻ? പുറത്തുവരൂ, എന്റെ അമ്പുകൾ നിനക്ക് ഉത്തരം നൽകും.'**

സ്സിന്റെ തീരത്തിലെത്തി. അവിടെ വീണുകിടക്കുന്ന നകുലനെക്കണ്ടു സംഭ്രമത്തോടെ വെള്ളമെടുത്തു തളിക്കാനും കുടിക്കാനുമായി സരസ്സിലേക്കിറങ്ങിയപ്പോൾ എവിടെനിന്നോ ഒരു ശബ്ദം കേട്ടു. 'അരുതു സഹദേവാ, ഇതെന്റെ പൂർവസ്വത്താണ്. എന്റെ ചോദ്യത്തിന് ഉത്തരം നൽകിയിട്ടു മാത്രം വെള്ളം എടുക്കുക.' സഹദേവൻ ആളുകാണാത്ത ആ ശബ്ദത്തെ വകവെയ്ക്കാതെ വെള്ളമെടുത്തു കുടിച്ചതും വീണുപോയി.

'നേരം വൈകുന്നു.' യുധിഷ്ഠിരൻ പറഞ്ഞു. 'എവിടെപ്പോയീ അനുജന്മാർ? അർജുനാ, നീ ചെന്നു നോക്കൂ- വിഷണ്ണരായ ഞങ്ങളുടെ ആശ്രയമാണ് വീരാ, നീ'

അമ്പും വില്ലും വാളുമേന്തി അർജുനൻ അനുജന്മാരെത്തേടി ആശങ്കയോടെ ചെന്നപ്പോൾ അതാ തടാകതീരത്തു ജീവനറ്റപോലെ കിടക്കുന്നു അവർ! അർജുനൻ വില്ലുയർത്തിക്കൊണ്ടു നാലുപാടും നോക്കി. ഭൂമിയിലും ആകാശത്തും ആരെയും കാണാനില്ല. തളർന്നു വിവശനായ അർജുനൻ ദാഹാർത്തനായി വെള്ളത്തിലിറങ്ങിയപ്പോൾ അതാ ഒരു മുഴങ്ങുന്ന ശബ്ദം. 'നിന്റെ ബലംകൊണ്ടു നേടാവുന്നതല്ലായിത്!' ക്രുദ്ധനായ പാർഥൻ ചോദിച്ചു. 'ആരാണു നീ? ഒളിച്ചുനിന്നു ഭീഷണിപ്പെടുത്തുന്നവൻ? പുറത്തുവരൂ, എന്റെ അമ്പുകൾ നിനക്ക് ഉത്തരം നൽകും.' എന്നു ഗർജിച്ചുകൊണ്ട് പാർഥൻ ശബ്ദവേധിയായ അസ്ത്രങ്ങൾ നാലുപാടും വർഷിച്ചു. ബാണങ്ങളുടെ ചീറ്റലല്ലാതെ കാട്ടിലെങ്ങും ഒരു അനക്കവുമില്ല. വെള്ളംകുടിച്ചു തളർച്ചയകറ്റി അനുജന്മാരെ എടുത്തുകൊണ്ടു പോകാമെന്നു കരുതി അർജുനൻ തടാകത്തിലിറങ്ങി വെള്ളംകുടിച്ചു. വീരനായ അർജുനനും അതാ നിലംപതിച്ചു കഴിഞ്ഞു.

അർജുനനും വൈകുന്നതിനാൽ ആശങ്കയോടെ യുധിഷ്ഠിരൻ ഭീമനെ വിളിച്ചു, 'എന്റെ കരുത്തനായ അനുജാ, നിന്റെ സഹോദരന്മാർ വെള്ളം തേടിപ്പോയിട്ട് കാണുന്നില്ലല്ലോ. നേരം ഏറെ വൈകിയിരിക്കുന്നു. ചെല്ലൂ. അവരെവിടെയെന്നു നോക്കി അവരെയുംകൂട്ടി വെള്ളവുംകൊണ്ട് പെട്ടെന്നു വരൂ.' *(തുടരും)*





വര: ജയേന്ദ്രൻ


# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## മുഖംമൂടി

കെ. അനാമിക,
ക്ലാസ്സ്: 9 എച്ച്, ഫാറൂഖ് ഹൈസ്ക്കൂൾ,
ഫാറൂഖ് കോളജ് പി ഒ, കോഴിക്കോട് 673632

പ്ലാസ്റ്റിക് നിരോധനത്തെപ്പറ്റിയുള്ള നീണ്ട പ്രസംഗത്തിനൊടുവിൽ ദാഹമകറ്റാൻ പ്ലാസ്റ്റിക് ബോട്ടിലിലെ മിനറൽവാട്ടറാണ് അയാൾ കുടിച്ചത്. പ്ലാസ്റ്റിക് പേനയാണു ഷർട്ടിന്റെ ഇടതുവശത്തു കുത്തിവച്ചത്. അയാളുടെ ചെരിപ്പും മടിയിൽ വെച്ച വലിയബാഗും പ്ലാസ്റ്റിക്കായിരുന്നു. ചാരിയിരിക്കുന്നത് വലിയ പ്ലാസ്റ്റിക് കസേരയിലാണ് അവസാനം എല്ലാവരെക്കൊണ്ടും പ്ലാസ്റ്റിക് ഉയോഗിക്കില്ലെന്നു പ്രതിജ്ഞയെടുപ്പിക്കുമ്പോൾ സങ്കടം തോന്നി.
രാജാവിന്റെ നഗ്നത വിളിച്ചുപറഞ്ഞ ഒരു കുട്ടിയും ആൾക്കൂട്ടത്തിലുണ്ടായിരുന്നില്ല.



വര: ഗോപു പട്ടിത്തറ



# അണ്ണാൻ

**ആർ ജി അദ്വൈത്,**
**ക്ലാസ്സ്: 1,**
**ശബരിഗിരി സ്കൂൾ, അഞ്ചൽ**

വാഴക്കൂമ്പിൽ തേനുണ്ണാനായ്
പാഞ്ഞുനടക്കും അണ്ണാനെ
അമ്മ അറിഞ്ഞാൽ
അടി കിട്ടൂല്ലേ
കട്ടു നടപ്പതുകൊള്ളാമോ
വാലു പൊക്കി ചാടീടിൽ
പടുക്കോയെന്നു മറിഞ്ഞീടും.

# മഴ

**അയിഷ പർവീൻ എസ്,**
**ക്ലാസ്സ്: പന്ത്രണ്ട്,**
**സർവോദയ വിദ്യാലയ**




തളിരിടുന്ന ഓരോ ഇലയും
പൊഴിയുന്ന ഓരോ പൂവും
കാർമേഘം പൊതിഞ്ഞാകാശവും
മിന്നുന്ന ഇടിനാദവും
ഇരുളിൽ പൊതിഞ്ഞ നിമിഷങ്ങളും
കുളിർമ ഉണർത്തുന്ന തുള്ളികളും
എന്നും മഴയെ ഞാൻ ഓർക്കുന്നു.
ഇപ്പോഴും ജീവിതസ്പന്ദം പോലെ
ഓരോ മഴത്തുള്ളിയും ഞാൻ കാണുന്നു
എന്റെ ജീവനു തുല്യം
ഓരോ തുള്ളിയും ഓരോ സ്പർശങ്ങളായി
ഓരോ ചിന്തകളായി സ്വപ്നങ്ങളായി
ഓരോ അനുഭവമായി
ഇന്നും മഴയെൻ കൂടെയുണ്ട്
ഇന്നും വർണങ്ങളായി പെയ്യുന്നു.... മഴ!!

# പസിൽ നിർമ്മാണം

അരവിന്ദ് ഗുപ്ത


നിങ്ങളുടെ വീട്ടിൽ ചെറിയ കുട്ടികളുണ്ടാകില്ലേ? അവർക്കായി ഒരു പസിൽ നിർമ്മിച്ചുകൊടുത്താലോ?






**ആവശ്യമുള്ള സാധനങ്ങൾ**


- കട്ടിക്കടലാസ്
- രണ്ടു നിറങ്ങളിലുള്ള കടലാസ്
- കമ്പ്യൂട്ടർ/പ്രിന്റർ
- കത്രിക




1 ചിത്രത്തിൽ കാണുന്നപോലെ ഒരേ തരം പാറ്റേണിലുള്ള വൃത്തങ്ങൾ വ്യത്യസ്ത നിറത്തിലുള്ള (ഇവിടെ നീലയും ചുവപ്പും.) കടലാസുകളിൽ പ്രിന്റു ചെയ്തെടുക്കുക. ഇതിനെ കട്ടിക്കടലാസിൽ ഒട്ടിച്ചെടുക്കുകയും വേണം. (പ്രിന്റർ ലഭ്യമല്ലെങ്കിൽ ശ്രദ്ധാപൂർവ്വം വരച്ചെടുത്താലും മതി.)



2 വൃത്തങ്ങളിൽ നിന്നും രൂപങ്ങൾ വെട്ടിയെടുക്കുക.



3 രണ്ടു നിറങ്ങളിലുള്ള രൂപങ്ങൾ ഇപ്പോൾ കിട്ടിയില്ലേ.



4 നീലയും ചുവപ്പും നിറത്തിലുള്ള രൂപങ്ങൾ ചേർത്തുവച്ച് വൃത്തമുണ്ടാക്കാനുള്ള പസിലായി ഇവ നിങ്ങളുടെ അനിയത്തിമാർക്കും അനിയന്മാർക്കും നൽകൂ.






ഇതേ രീതിയിലുള്ള പസിലുകൾ നിങ്ങളുടെ ഭാവനയിൽ കണ്ട് നിർമ്മിച്ചുനോക്കൂ. വൃത്തത്തിനു പകരം ചതുരമോ മറ്റാകൃതികളോ പരീക്ഷിക്കാമല്ലോ.

Printed and Published by **Dr. Nedumudi Harikumar** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

# അക്ഷരചിത്രം

**ഭരണിക്കാവ് കൃഷ്ണൻ**

F, M, B എന്നീ അക്ഷരങ്ങൾ വച്ച്
കുതിരയും
M, 2 എന്നിവ കൊണ്ട് കാളയും!










**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017

RNI No. 20076/70
Regd KL/TV (N)/399/2015-2017
October 2015
Published on 29-9-2015 Vol:21, Issue:10, ₹15





**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**

# മുസിരിസ് ജീവചരിത്രപരമ്പര







**പുസ്തകങ്ങൾക്കും വിശദവിവരത്തിനും വിളിക്കൂ 0471– 2327276;**
email- sales@ksicl.org